No/9/2020/SRG/LSGD(CC)(7)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2021-ൽ കൂടിയ യോഗത്തിന്റെ നടപടിവിവരം

യോഗം ഉച്ചകഴിഞ്ഞ് 3.00 മണിക്ക് സെക്രട്ടേറിയറ്റ് അനക്സ് II -ലെ 'ലയം' ഹാളിൽ ആരംഭിച്ചു. ബഹു.തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രി അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

### 1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2020-21-ലെ വാർഷിക പദ്ധതി പുരോഗതി - അവലോകനം

10.02.2021 വരെയുള്ള ആകെ പദ്ധതി ചെലവ് 57.67 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 59.85 ശതമാനമാണ്. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് പാലക്കാട് ജില്ലയിലും (62.7%) ഏറ്റവും കുറവ് തിരുവനന്തപുരം ജില്ലയിലുമാണ് (52.04ശതമാനം).158.92 കോടി രൂപയുടെ 6862 ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗ് ആയി ഉണ്ട്. മെയിന്റനൻസ് ഗ്രാന്റ് കൂടി ചേർത്താൽ ആകെ 239.64 കോടി രൂപയുടെ 9033 ബില്ലുകളാണ് ട്രഷറിയിൽ പെന്റിംഗ് ആയി ഉള്ളത്.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം (ശതമാനം)**

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 62.14 |
| ബ്ലോക്ക് പഞ്ചായത്ത് | 65.73 |
| ജില്ലാ പഞ്ചായത്ത് | 61.07 |
| മുനിസിപ്പാലിറ്റി | 55.23 |
| കോർപ്പറേഷൻ | 37.93 |
| **ആകെ** | 57.67 |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം (ശതമാനം)**

| | | |
|---|---|---|
| 1 | പാലക്കാട് | 62.7 |
| 2 | ആലപ്പുഴ | 60.67 |
| 3 | തൃശ്ശൂർ | 60.66 |
| 4 | പത്തനംതിട്ട | 60.54 |
| 5 | വയനാട് | 59.77 |
| 6 | കോട്ടയം | 58.98 |
| 7 | കാസർഗോഡ് | 58.23 |

| | | |
|---|---|---|
| 8 | ഇടുക്കി | 57.95 |
| 9 | എറണാകുളം | 57.79 |
| 10 | മലപ്പുറം | 57.51 |
| 11 | കണ്ണൂർ | 56.45 |
| 12 | കോഴിക്കോട് | 56.45 |
| 13 | കൊല്ലം | 54.72 |
| 14 | തിരുവനന്തപുരം | 52.04 |

## വികസന ഫണ്ടിൽ ഓരോ വിഭാഗത്തിന്റേയും ജില്ല തിരിച്ചുള്ള  ചെലവ് വിവരം (ശതമാനം)

| ക്രമ. നം | ജില്ല | ജില്ലാ പഞ്ചായത്ത് | | | ബ്ലോക്ക് പഞ്ചായത്ത് | | | ഗ്രാമപഞ്ചായത്ത് | | |
|---|---|---|---|---|---|---|---|---|---|---|
| | | ജനറൽ | എസ്.സി.പി | റ്റി.എസ്.പി | ജനറൽ | എസ്.സി.പി | റ്റി.എസ്.പി | ജനറൽ | എസ്.സി.പി | റ്റി.എസ്.പി |
| 1 | തിരുവനന്തപുരം | 91 | 62 | 41 | 82 | 55 | 71 | 64 | 57 | 47 |
| 2 | കൊല്ലം | 85 | 55 | 36 | 88 | 66 | 52 | 72 | 64 | 30 |
| 3 | പത്തനംതിട്ട | 77 | 36 | 37 | 83 | 74 | 64 | 71 | 55 | 49 |
| 4 | ആലപ്പുഴ | 87 | 37 | 69 | 89 | 56 | 42 | 72 | 49 | 31 |
| 5 | കോട്ടയം | 81 | 29 | 23 | 90 | 60 | 52 | 74 | 48 | 42 |
| 6 | ഇടുക്കി | 78 | 45 | 56 | 80 | 48 | 53 | 64 | 57 | 47 |
| 7 | എറണാകുളം | 80 | 52 | 18 | 87 | 62 | 41 | 74 | 54 | 36 |
| 8 | തൃശ്ശൂർ | 95 | 58 | 46 | 83 | 66 | 53 | 77 | 61 | 38 |
| 9 | പാലക്കാട് | 88 | 44 | 22 | 87 | 55 | 65 | 68 | 63 | 57 |
| 10 | മലപ്പുറം | 81 | 42 | 31 | 87 | 62 | 28 | 72 | 61 | 47 |
| 11 | കോഴിക്കോട് | 67 | 55 | 42 | 84 | 74 | 40 | 69 | 57 | 51 |
| 12 | വയനാട് | 75 | 72 | 29 | 83 | 51 | 60 | 73 | 57 | 64 |
| 13 | കണ്ണൂർ | 97 | 73 | 72 | 78 | 54 | 60 | 67 | 50 | 56 |
| 14 | കാസർഗോഡ് | 84 | 65 | 73 | 79 | 37 | 67 | 70 | 46 | 62 |
| **15** | **ആകെ** | **84** | **49** | **42** | **85** | **60** | **58** | **70** | **58** | **56** |

## വികസനഫണ്ടിൽ ഓരോ വിഭാഗത്തിന്റേയും ജില്ല തിരിച്ചുള്ള  ചെലവ് വിവരം(ശതമാനം)

## (തുടർച്ച)

| ജില്ല | മുനിസിപ്പാലിറ്റി | | |
|---|---|---|---|
| | ജനറൽ | എസ്.സി.പി | റ്റി.എസ്.പി |
| തിരുവനന്തപുരം | 56 | 40 | 0.00 |
| കൊല്ലം | 68 | 48 | 27 |
| പത്തനംതിട്ട | 66 | 50 | 39 |
| ആലപ്പുഴ | 77 | 41 | 19 |
| കോട്ടയം | 53 | 41 | 16 |
| ഇടുക്കി | 55 | 49 | 33 |
| എറണാകുളം | 72 | 59 | 28 |
| തൃശ്ശൂർ | 78 | 50 | 0 |
| പാലക്കാട് | 66 | 56 | 7 |
| മലപ്പുറം | 58 | 49 | 21 |
| കോഴിക്കോട് | 63 | 44 | 31 |
| വയനാട് | 54 | 49 | 61 |
| കണ്ണൂർ | 63 | 44 | 31 |
| കാസർഗോഡ് | 56 | 52 | 49 |
| **ആകെ** | **65** | **49** | **46** |

| ജില്ല | കോർപ്പറേഷൻ | | |
|---|---|---|---|
| | ജനറൽ | എസ്.സി.പി | റ്റി.എസ്.പി |
| തിരുവനന്തപുരം | 30 | 45 | 30 |
| കൊല്ലം | 24 | 41 | 61 |
| എറണാകുളം | 56 | 47 | 29 |
| തൃശ്ശൂർ | 46 | 54 | 0 |
| കോഴിക്കോട് | 51 | 59 | 0 |
| കണ്ണൂർ | 77 | 59 | 1 |
| **ആകെ** | **39** | **48** | **25** |

വികസന ഫണ്ട് പൊതു വിഭാഗം, SCP,TSPയുടെ ആകെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.

| ജനറൽ | SCP | TSP | CFC |
|---|---|---|---|
| 69.83% | 56.99% | 53.56% | 43.04% |

**തദ്ദേശഭരണസ്ഥാപനം തിരിച്ച് പെന്റിംഗ് ബില്ലുകളുടെ എണ്ണവും തുകയും**

| തദ്ദേശഭരണ സ്ഥാപനം | ബില്ലുകളുടെ എണ്ണം | തുക(കോടി) |
|---|---|---|
| 1) ഗ്രാമപഞ്ചായത്ത് | 5805 | 99.45 |
| 2) ബ്ലോക്ക് പഞ്ചായത്ത് | 1027 | 19.36 |
| 3) ജില്ലാ പഞ്ചായത്ത് | 877 | 60.34 |
| 4) മുനിസിപ്പാലിറ്റി | 900 | 27.06 |
| 5) കോർപ്പറേഷൻ | 424 | 33.42 |
| **ആകെ** | **9033** | **239.63** |

**പുതിയ പ്രോജക്ടുകളുടേയും സ്പിൽ ഓവർ പ്രോജക്ടുകളുടേയും തരം തിരിച്ചുള്ള ചെലവ് താഴെ ചേർക്കുന്നു.(05.01.2021 വരെ)**

| തദ്ദേശഭരണ സ്ഥാപനം | പദ്ധതി ചെലവ് (ശതമാനം) | | |
|---|---|---|---|
| | പുതിയ പ്രോജക്ടുകൾ | സ്പിൽ ഓവർ പ്രോജക്ടുകൾ | ആകെ |
| 1) ഗ്രാമപഞ്ചായത്ത് | 32.48 | 28.61 | 61.10 |
| 2) ബ്ലോക്ക് പഞ്ചായത്ത് | 31.78 | 32.44 | 64.22 |
| 3) ജില്ലാ പഞ്ചായത്ത് | 23.04 | 36.43 | 59.48 |
| 4) മുനിസിപ്പാലിറ്റി | 24.83 | 29.73 | 54.56 |
| 5) കോർപ്പറേഷൻ | 13.73 | 23.62 | 37.36 |
| **ആകെ** | **27.24** | 29.39 | **56.89** |

**മുൻ വർഷങ്ങളിൽ ജനുവരി 31-ലെ പദ്ധതി ചെലവ്**

| | |
|---|---|
| **2014-15** | 32.00% |
| **2015-16** | 31.03% |
| **2016-17** | 19.28% |
| **2017-18** | 37.05% |
| **2018-19** | 60.85% |
| **2019-20** | 42.1% |
| **2020-21** | 55.02% |

പദ്ധതി പുരോഗതി അവലോകനം സംബന്ധിച്ച റിപ്പോർട്ട് വകുപ്പ മേധാവികൾ യോഗത്തിൽ അവതരിപ്പിച്ചു. SCP, TSP വിഹിതത്തിലെ ചെലവ് വളരെ കുറവാണെന്ന് യോഗം വിലയിരുത്തി. ഇത് പരിഹരിക്കാൻ പഞ്ചായത്ത് ഡയറക്ടർ. നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, പട്ടികജാതി വികസന ഡയറക്ടർ, പട്ടികവർഗ്ഗ വികസന ഡയറക്ടർ എന്നിവർ പ്രത്യേക നടപടി സ്വീകരിക്കണം. SCP, TSP പ്രോജക്ടുകളുടെ നിർവഹണത്തിൽ എവിടെയാണോ പ്രശ്നങ്ങൾ നിലനിൽക്കുന്നത് അത് പരിഹരിക്കണം.

## 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 24.06.2020 ലെ കോർഡിനേഷൻ കമ്മിറ്റിയിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

2.1(3.12) ഐ.കെ.എം.ന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സോഫ്റ്റ് വെയർ സംബന്ധമായ പ്രശ്നങ്ങളും ഐ.കെ.എം.ൽ അത്യാവശ്യം വേണ്ട മാറ്റങ്ങളും ചർച്ച ചെയ്യാനും പഠിക്കാനും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച് ഇടക്കാല റിപ്പോർട്ട് ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്**
**എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ**

### 2.2 12.08.2020-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.2(3.9)** സ്ഥലം ലഭ്യമല്ലാത്തതിനാൽ തോട്ടം മേഖലയിൽ ഭവന നിർമ്മാണത്തിന് തൊഴിലാളികളെ സഹായിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നില്ല. നിലവിൽ ഇവരുടെ പാർപ്പിട സൗകര്യം വളരെ മോശമാണ്.
പഞ്ചായത്ത് ഡയറക്ടറും ജില്ലാ പ്ലാനിംഗ് ഓഫീസർമാരും മുഖേന മുൻപ് ലഭിച്ച ലിസ്റ്റ് പ്രകാരം ആകെ 132 ഗ്രാമപഞ്ചായത്തുകളാണ് തോട്ടം മേഖലയിലുള്ളത്.

തോട്ടം മേഖലയിൽ ഭവന നിർമ്മാണത്തിന് സ്ഥലം കണ്ടെത്താനുള്ള പ്രശ്നങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച ചെയ്തും താഴെ തലത്തിൽ പരിശോധന നടത്തിയും റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുമായി ചർച്ച ചെയ്ത് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകി. ഇതുപ്രകാരം 37 ഗ്രാമപഞ്ചായത്തുകളിലാണ് ഈ പ്രശ്നമുള്ളത്. ഈ മേഖലയിലെ ഗ്രാമപഞ്ചായത്തിൽ ഭവന നിർമ്മാണത്തിന് ഭൂമി കണ്ടെത്താൻ കഴിയാത്ത കുടുംബങ്ങളുടെ എണ്ണവും ഡയറക്ടർ നൽകി. വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

## തോട്ടം മേഖലയിലെ ഭവന നിർമ്മാണം - സംബന്ധിച്ച വിവരം

| ജില്ല | ഗ്രാമപഞ്ചായത്തിന്റെ പേര് | തോട്ടം മേഖലയിലെ ഭവന രഹിത ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| **തിരുവനന്തപുരം** | പെരിങ്ങമല | 48 |
| | വിതുര | 151 |
| **കൊല്ലം** | കുളത്തൂപ്പുഴ | 112 |
| | ഏരൂർ | 328 |
| | ആര്യൻകാവ് | 203 |
| **പത്തനംതിട്ട** | കൊടുമൺ | 2 |
| | സീതത്തോട് | 148 |
| | മലയാലപ്പുഴ | 168 |
| | അരുവാപ്പുലം | 32 |
| **ഇടുക്കി** | പള്ളിവാസൽ | 320 |
| | മൂന്നാർ | 4465 |
| | ദേവികുളം | 6551 |
| | ശാന്തൻ പാറ | 130 |
| | ചിന്നക്കനാൽ | 1801 |
| | ഉടുമ്പൻചോല | 114 |
| | പീരുമേട് | 925 |
| | ഏലപ്പാറ | 850 |
| | കുമളി | 130 |
| | വണ്ടിപ്പെരിയാർ | 553 |
| | വണ്ടൻമേട് | 73 |
| | ഉപ്പുതറ | 350 |
| | ചക്കുപള്ളം | 46 |
| **എറണാകുളം** | അയ്യമ്പുഴ | 68 |
| **തൃശ്ശൂർ** | ആതിരപ്പള്ളി | 678 |
| | മറ്റത്തൂർ | 21 |
| | വരന്തരപ്പിള്ളി | 221 |
| **വയനാട്** | വൈത്തിരി | തിട്ടപ്പെടുത്തിയിട്ടില്ല |
| | മേപ്പാടി | 481 |
| | മൂപ്പൈനാട് | തിട്ടപ്പെടുത്തിയിട്ടില്ല |
| | നെന്മേനി | 10 |
| | മുട്ടിൽ | തിട്ടപ്പെടുത്തിയിട്ടില്ല |
| | പൊഴുതന | തിട്ടപ്പെടുത്തിയിട്ടില്ല |
| | തിരുനെല്ലി | 3 |
| | തവിഞ്ഞാൽ | 66 |
| | തൊണ്ടർ നാട് | 15 |
| **കാസറഗോഡ്** | മുളിയർ | 2 |
| | പനത്തടി | 15 |
| **ആകെ** | | **19080** |

ഇത് ബന്ധപ്പെട്ട ബഹു.വകുപ്പുമന്ത്രിമാരുടെ തലത്തിൽ ചർച്ച ചെയ്യാൻ യോഗം തീരുമാനിച്ചു. ആദ്യ റൗണ്ട് ചർച്ചയക്ക് ശേഷം ഇത് ബഹു. മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ തീരുമാനിച്ചു. ഇതിനുള്ള തുടർനടപടി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സ്വീകരിക്കണം.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**2.3 23.09.2020-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.3(3.3)** പദ്ധതി നിർവഹണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി താഴെതലത്തിലെ ഉദ്യോഗസ്ഥന്മാരെ കൂടി നിർവ്വഹണ ഉദ്യോഗസ്ഥരാക്കുകയും അവർക്ക് പ്രത്യേക മായി ഡി.ഡി.ഒ കോഡ് നൽകുകയും ചെയ്തു. ഇത് പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കി. എന്നാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിർവഹണ ഉദ്യോഗസ്ഥർ (self drawing) ശമ്പളവും മറ്റും വാങ്ങുന്ന ട്രഷറി അല്ല അദ്ദേഹം നിർവഹണ ഉദ്യോഗസ്ഥനായുള്ള തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ട്രഷറി. ഇങ്ങനെയുള്ള നിർവഹണ ഉദ്യോഗസ്ഥന് രണ്ട് ട്രഷറിയിൽ നിന്നും ഇടപാടു നടത്തുന്നതിന് ക്രമീകരണം ചെയ്യുന്നത് പദ്ധതി നിർവഹണത്തിന് സഹായ കരമാകും എന്നതിനാൽ ഇത്തരം ഉദ്യോഗസ്ഥർ ഏതൊക്കെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഉണ്ട് എന്ന് കണ്ടെത്തി അവരുടെ വിശദാംശം സഹിതം

പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, എന്നിവർ ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ഈ ഉദ്യോഗസ്ഥർക്ക് വെർച്വൽ ഡി.ഡി.ഒ കോഡ് അനുവദിക്കുന്നത് പരിഗണിക്കാമെന്ന് ധനവകുപ്പ് അറിയിച്ചിരുന്നു. കൂടാതെ ഫിഷറീസ് മേഖലയിൽ പുതിയതായി നിർവഹണ ചുമതല നൽകിയ ഉദ്യോഗസ്ഥർക്കും ഡി.ഡി.ഒ കോഡ് നൽകണമെന്ന് ധനവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ലഭ്യമായ ലിസ്റ്റനുസരിച്ച് ഡി.ഡി.ഒ കോഡ് നൽകുന്നതിന് ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ധനവകുപ്പ് ജോയിന്റ് സെക്രട്ടറി അറിയിച്ചു. ഇത് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളെയും വകുപ്പ് മേധാവികൾ അറിയിക്കണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**2) നഗരകാര്യ ഡയറക്ടർ**
**3) ഗ്രാമവികസന കമ്മീഷണർ**

**2.3(3.8)** ജനകീയ ഹോട്ടൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും സർക്കാർ നിർദ്ദേശിച്ച പ്രകാരം സ്ഥാപിക്കാൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നടപടി സ്വീകരിക്കണം. സർക്കാർ ഉത്തരവിൽ പറയും പ്രകാരം ജനകീയ ഹോട്ടൽ സ്ഥാപിച്ച തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

നിലവിൽ 850 ജനകീയ ഹോട്ടലുകളാണ് ആരംഭിച്ചത്. (നഗരം 136, ഗ്രാമം 714) ഉടൻ ആരംഭിക്കുന്നതും കൂടിച്ചേർത്ത് ആകെ 886 എണ്ണമാണ്. (നഗരസഭാ പ്രദേശത്ത് 141, ഗ്രാമപഞ്ചായത്തുകളിൽ 745). മറ്റു സ്ഥലങ്ങളിൽ കൂടി ഉടനെ ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവരോട് നിർദ്ദേശിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) നഗരകാര്യ ഡയറക്ടർ**
**4) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ**

**2.3(4.20 ) ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.08.2020-ലെ കത്തും (രണ്ടെണ്ണം) ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.08.2020-ലെ 2(4) -ാം നമ്പർ തീരുമാനവും അനുബന്ധ രേഖകളും (SRG 668/20 – CC/738/20, SRG 669/20 – CC/739/20)**

*പ്രോ.നം. 114/20* *അടങ്കൽ 12,59,692/- രൂപ*
*(സംസ്ഥാന വിഹിതം - 8,70,000/- രൂപ*
*CFC 3,89,692/- രൂപ)*

*പേര്:-വട്ടപ്പറമ്പ് അംഗനവാടിക്ക് കെട്ടിട നിർമ്മാണം - വാർഡ് -8*

*(ii) പ്രോ.നം. 194/20* *അടങ്കൽ 13,21,086/- രൂപ*
*(സംസ്ഥാന വിഹിതം - 8,70,000/- രൂപ*
*CFC -4,51,086/- രൂപ)*

*പേര്:-പൂഴനാട് അംഗനവാടിക്ക് കെട്ടിട നിർമ്മാണം*

മുകളിൽ പറഞ്ഞ രണ്ട് പ്രോജക്ടുകളും വനിതാ ശിശു വികസന വകുപ്പിന്റെ സഹായം കൂടി ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിരുന്നത്. ഓരോ അങ്കണവാടിക്കും 8,70,000/- രൂപ വീതം (ആകെ 17,40,000/-രൂപ) വനിതാ ശിശു വികസന വകുപ്പ് ഗ്രാമ പഞ്ചായത്തിനു കൈമാറും എന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിലും പി.ഡബ്ല്യൂ.ഡിയ്ക്കാണ് വകുപ്പ് തുക കൈമാറിയത്. നിർമ്മാണം പൂർത്തിയായെങ്കിലും വകുപ്പിന്റെ വിഹിതം നൽകാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ പി.ഡബ്ല്യൂ.ഡി.യുടെ കൈവശമുള്ള വിഹിതം ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്.

ഈ തുക പി.ഡബ്ല്യൂ.ഡി.യിൽ നിന്ന് തിരികെ വാങ്ങി ഗ്രാമപഞ്ചായത്തിന് കൈമാറാൻ ധനവകുപ്പ് ഉത്തരവായിട്ടുണ്ട് എന്ന് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു. ഇനി പി.ഡബ്ല്യൂ.ഡിയിൽ നിന്ന് ഈ തുക വനിതാ ശിശു വികസന വകുപ്പിനു കൈമാറിക്കൊണ്ടോ, അതത് തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറിക്കൊണ്ടോ നടപടി സ്വീകരിക്കേണ്ടതുണ്ട്. ഇതിന്മേൽ വനിതാ ശിശു വികസന ഡയറക്ടർ തുടർ നടപടി സ്വീകരിക്കണം. ആവശ്യമെങ്കിൽ തദ്ദേശസ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് നടപടികൾ വേഗത്തിലാക്കണം. ഇതിന്റെ വിശദാംശങ്ങൾ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ വനിതാ ശിശു വികസന ഡയറക്ടർ നൽകണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**
**2) വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ**

## 2.4 21.10.2020-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.4(3.2)** പല തദ്ദേശഭരണസ്ഥാപനങ്ങളും 2019-20 ലെ പ്രവൃത്തികളുടെ ബിൽ മാറുന്നതിന് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം തെരഞ്ഞെടുത്തിട്ടുണ്ട്. ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഉപയോഗിച്ച് ബാങ്കുകളിൽ നിന്നു മാറിയ തുക ഇതിനകം അതതു ബാങ്കുകൾക്ക് ധനവകുപ്പ് നൽകിയിട്ടുണ്ട്. എന്നാൽ ഇങ്ങനെ മാറിയ തുക മിക്ക തദ്ദേശഭരണ സ്ഥാപനങ്ങളും ധനവകുപ്പ് നിർദ്ദേശപ്രകാരം ക്രമപ്പെടുത്തിയിട്ടില്ല. ഈ പ്രക്രിയ പൂർത്തിയാക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശം 28.05.2020 ലെ **G.O(P) 68/2020/**ധന–ാം നമ്പർ സർക്കാർ ഉത്തരവു പ്രകാരം ധനവകുപ്പ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും സസ്പെൻസ് ഹെഡിലേക്ക് ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്യേണ്ടതാണ്. ഇതു വെർച്ചലായി ചെയ്യുന്ന ഒരു നടപടി ക്രമം ആണ്. ഇതുവഴി തദ്ദേശഭരണസ്ഥാപനങ്ങളുടെ ബഡ്ജറ്റ് വിഹിതത്തിൽ കുറവു വരുന്നതല്ല. എന്നാൽ ഈ പ്രക്രിയ പൂർത്തിയാക്കുക എന്നത് ധനമാനേജ്മെന്റിൽ അനിവാര്യമാണ്. അതിനാൽ ഈ പ്രക്രിയ ഒട്ടും കാലതാമസം കൂടാതെ പൂർത്തിയാക്കുക എന്നത് അതതു നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ചുമതലയാണ്. ഇതിനു വേണ്ട നിർദ്ദേശം തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ താഴേ തലത്തിലേക്ക് നൽകേണ്ടതും അവലോകനം ചെയ്യേണ്ടതുമാണ്. കൂടാതെ സസ്പെൻസ് ഹെഡിലേക്ക് ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്യുന്നതിന് അധിക തുക ആവശ്യമുണ്ട് എങ്കിൽ അതിന്റെ വിശദാംശം ഓരോ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് പഞ്ചായത്ത് ഡയറക്ടർ/ നഗരകാര്യ ഡയറക്ടർ/ ഗ്രാമവികസന കമ്മീഷണർ എന്നിവർ ധനവകുപ്പിനു നൽകണം. തദ്ദേശഭരണസ്ഥാപനത്തിന്റെ പേര്, ജില്ല, അധികമായി ആവശ്യമുള്ള തുക

എന്നിവയടക്കമുള്ള വിവരങ്ങളാണ് നൽകേണ്ടത്. ഇതിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് ധനവകുപ്പിന് നൽകണം.

ഇതു കൂടാതെ താഴെപ്പറയുന്ന തീരുമാനം കൂടി 07.01.2021-ലെ യോഗത്തിൽ എടുത്തിരുന്നു .ധനവകുപ്പിൽ നിന്ന് കോൺട്രാക്ടർ/ഗുണഭോക്താവിന് നൽകേണ്ട ബിൽ തുക അതത് ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികളുടേയും മറ്റും ഇൻകം ടാക്സ്, വെൽഫയർ ഫണ്ടിലേയ്ക്ക് അടയ്ക്കേണ്ട വിഹിതം, **GST** തുടങ്ങിയവ അതത് നിർവഹണ ഉദ്യോഗസ്ഥൻ കുറവ് ചെയ്ത് അതത് സ്ഥാപനത്തിലേയ്ക്ക് അടയ്ക്കേണ്ടതുണ്ട്. എന്നാൽ ഇത് പലയിടത്തും ചെയ്തിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾ/നിർവ്വഹണ ഉദ്യോഗസ്ഥർ ചെയ്യേണ്ട ഈ നടപടികൾ സംബന്ധിച്ച നിർദ്ദേശം സർക്കുലർ ആയി തദ്ദേശസ്വയംഭരണ വകുപ്പ് നൽകണം. ഇതിന്റെ കരട് തയ്യാറാക്കി നൽകാൻ എസ്.ആർ.ജി.യെ ചുമതലപ്പെടുത്തി. ഇതിനായി ധനവകുപ്പ്,ട്രഷറി ഡയറക്ടറേറ്റ്, ഇൻഫർമേഷൻ കേരള മിഷൻ, പഞ്ചായത്ത് ഡയക്ടറേറ്റ്, നഗരകാര്യ ഡയറക്ടറേറ്റ്, ഗ്രാമവികസന കമ്മീഷണറേറ്റ്, **NIC** ഓഫീസ്, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസ്, എസ്.ആർ.ജി. കൺവീനർ എന്നിവർ യോഗം കൂടി സോഫ്റ്റ് വെയറുകളിൽ വരുത്തേണ്ട മാറ്റങ്ങൾ അടക്കം ചർച്ച ചെയ്ത് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിനു നൽകണം.
ഇതു സംബന്ധിച്ച റിപ്പോർട്ട് എസ്.ആർ.ജി. കൺവീനർ അവതരിപ്പിച്ചു.

കോർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം ഇതിനുള്ള ക്രമീകരണം സോഫ്റ്റ് വെയറിൽ ഇതിനകം ചെയ്തിട്ടുണ്ട്. ഏകദേശം 1500 ബില്ലുകളാണ് **BDS** ലേയ്ക്ക് മാറ്റിയത്. ഇതിൽ 150 ഓളം ബില്ലുകൾ ഇതിനകം ക്രമപ്പെടുത്തി.

ഇനിയും ക്രമപ്പെടുത്താനുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ പുരോഗതി വകുപ്പ മേധാവികൾ അവലോകനം ചെയ്യണമെന്ന് യോഗം നിർദ്ദേശിച്ചു. ഒപ്പം ട്രഷറിയിൽ നിന്നും പണം പിൻവലിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്ന എല്ലാ നിർവഹണ ഉദ്യോഗസ്ഥരും ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് (**DSC**)സൗകര്യം കരസ്ഥമാക്കണം.

ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങൾ ഒരേ പ്രവൃത്തിയുടെ ബിൽ **BDS** രീതിയിലും ട്രഷറി മുഖേനയും രണ്ടു പ്രവശ്യം ഗുണഭോക്താവിന്റെ/കോൺട്രാക്ടറുടെ അക്കൗണ്ടിലേയ്ക്ക് അടച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ഇല്ല എന്ന് ഉറപ്പുവരുത്തണം. ഇത് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥന്റേയും തദ്ദേശഭരണ സ്ഥാപന സെക്രട്ടറിയുടേയും വ്യക്തിപരമായ ഉത്തരവാദിത്തമാണ്.

**നടപടി:- 1)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2)പഞ്ചായത്ത് ഡയറക്ടർ**
**3)നഗരകാര്യ ഡയറക്ടർ**
**4)ഗ്രാമവികസന കമ്മീഷണർ**
**5)തദ്ദേശസ്വയഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**

## 2.5 07.01.2021 - ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.5(3.7)** മഹാ പ്രളയത്തിൽ നഷ്ടപ്പെട്ട ജീവനോപാധികൾ പുനഃസൃഷ്ടിക്കുന്നതിനും മറ്റുമായി 2019-20-ൽ 250 കോടി രൂപ പ്രത്യേകമായി അർഹതപ്പെട്ട തദ്ദേശഭരണ സ്ഥാപന ങ്ങൾക്ക് നൽകിയിരുന്നു. ഈ തുക കഴിഞ്ഞ വർഷം അവസാനത്തോടെയാണ്

നൽകിയത്. അതിനാൽ പല തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഈ തുക ചെലവഴിക്കാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ ഈ തുക ഉപയോഗിച്ച് തയ്യാറാക്കിയ പ്രോജക്ടുകൾ ഈ വർഷം (2020-21 വർഷം) സ്പിൽഓവറായി തുടരാൻ അനുമതി നൽകിയിരുന്നു.

ഈ തുക ഉപയോഗിച്ചുകൊണ്ട് പ്രോജക്ടുകളുടെ ബിൽ ഇപ്പോൾ ഈ വർഷം ബഡ്ജറ്റിലെ അനുബന്ധം IV പ്രകാരം അനുവദിച്ച തുകയിൽ നിന്നാണ് നൽകുന്നത്. മഹാ പ്രളയവുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം അനുവദിച്ചതിൽ ചെലവഴിക്കപ്പെടാത്തതും ഈ വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുള്ളതുമായ പ്രോജക്ടിന്റെ തുക അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ 07.01.2021-ലെ കോഓർഡിനേഷന് കമ്മിറ്റി യോഗം തീരുമാനിച്ചു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ വകുപ്പ് മേധാവികൾ മുഖേന ധനവകുപ്പിന് നൽകാനും നിർദ്ദേശിച്ചിരുന്നു.

ഗ്രാമപഞ്ചായത്തുകൾ കഴിഞ്ഞ വർഷം ചെലവഴിക്കാത്ത തുക സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് തിരിച്ച് വിശദാംശം ധനവകുപ്പിന് നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ജനറൽ ഫണ്ടിനത്തിൽ 157.80 കോടി രൂപയും എസ്.സി.പി. ഇനത്തിൽ 37.58 കോടി രൂപയും റ്റി.എസ്.പി ഇനത്തിൽ 5.68 കോടി രൂപയുമാണ് അനുവദിക്കേണ്ടത്.. ആകെ 201.06 കോടി രൂപ.

ഇതു പ്രകാരമുള്ള തുക അനുവദിക്കണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. മുനിസിപ്പാലിറ്റികളുടേയും കോർപ്പറേഷന്റേയും വിവരങ്ങൾ നഗരകാര്യ ഡയറക്ടർ അടിയന്തിരമായി ശേഖരിച്ച് ധനവകുപ്പിന് നൽകണം. നഗരസഭകൾക്ക് ഇനി ലഭിക്കേണ്ട തുകയും അനുവദിക്കണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

**നടപടി:- 1)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2)ധനവകുപ്പ്**
**3) നഗരകാര്യ ഡയറക്ടർ**

**2.5(4.2)മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.11.2020-ലെ കത്തും പഞ്ചായത്ത് ഭരണസമിതിയുടെ 07.09.2020-ലെ 1(3)-ാം നമ്പർ തീരുമാനവും**

(SRG -908/20, - CC/967/20)

***പ്രോ.നം. 239/21*** ***അടങ്കൽ 5,75,000/- രൂപ***

*(CFC Tied Fund)*

***പേര്:- പൊതു കുടിവെള്ള വിതരണ സംവിധാനം - ഗുണനിലവാരം മെച്ചപ്പെടുത്തൽ അറ്റകുറ്റപ്പണി***

തീരദേശ പ്രദേശമായതിനാൽ പഞ്ചായത്തിലെ പൊതു ടാപ്പുകളിലെ വെള്ളം ഉപ്പ് രസം ഉള്ളതാണ്. ശുദ്ധജലത്തിന് RO പ്ലാന്റുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിലെ ആകെയുള്ള 6 RO പ്ലാന്റുകളിൽ 3 എണ്ണം കേരള വാട്ടർ അതോറിട്ടിയുടെ ഉടമസ്ഥതയിലുള്ളതാണ്. ഇവ അറ്റകുറ്റപ്പണി നടത്താത്തതിനാൽ പ്രവർത്തന ക്ഷമമല്ല. ഇത് അറ്റകുറ്റപ്പണി നടത്താൻ കേരള വാട്ടർ അതോറിറ്റി 5,30,000/- രൂപയുടെ എസ്റ്റിമേറ്റ് നൽകിയിട്ടുണ്ട്. ഇതിന്റെ അറ്റകുറ്റപ്പണി നടത്താനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

കേരള വാട്ടർ അതോറിട്ടി എം.ഡി.യുടെ കൂടി അഭിപ്രായ പ്രകാരം അനുമതി നൽകുന്നു. ഇതിന്റെ അറ്റകുറ്റപ്പണി 45 ദിവസത്തിനകം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

**നടപടി- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**2.5(4.3) പെരുമ്പളം ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.11.2020-ലെ കത്തും പെരുമ്പളം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 08.07.2020-ലെ 1(4)-ാം നമ്പർ തീരുമാനവും**

**(SRG - 909/20 - CC /1017/20)**

***പ്രോ.നം. 5/21*** ***അടങ്കൽ - 51,14,700/- രൂപ***

***(മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) - 16,14,700/- രൂപ***

***ജില്ലാ പഞ്ചായത്ത് വിഹിതം - 25,00,000/- രൂപ***

***ബ്ലോക്ക് വിഹിതം - 10,00,000/- രൂപ)***

***പേര്:- വാത്തികാട് - പൂന്തോട്ട ജങ്കാർ സർവ്വീസ്***

വെള്ളത്താൽ ചുറ്റപ്പെട്ട പഞ്ചായത്തിന് രണ്ട് ജങ്കാർ സർവ്വീസുകളാണ് ഉള്ളത്. പെരുങ്കളം - പാണാവള്ളി ജങ്കാർ സർവ്വീസിനായി ഒരു ജങ്കാർ **MLASDF** ൽ നിന്നനുവദിച്ചു. വാത്തിക്കാട് - പൂന്തോട്ട ജങ്കാർ സർവ്വീസിനായി ജങ്കാർ വാടകയ്ക്കെടുത്താണ് ഉപയോഗിക്കുന്നത്. ഇതിന്റെ ആവശ്യത്തിനായി ഗ്രാമ പഞ്ചായത്ത് വിഹിതമായി നോൺറോഡ് മെയിന്റനൻസ് ഗ്രാന്റാണ് വച്ചിരിക്കുന്നത്. പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

ഒരു ദിവസത്തേയ്ക്ക് 14,000 രൂപയാണ് വാടക എന്ന് യോഗം വിലയിരുത്തി. ഇത് വളരെ കൂടുതലാണെന്ന് യോഗം നിരീക്ഷിച്ചു. കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ച പ്രകാരം ജങ്കാർ സർവ്വീസിൽ നിന്ന് ഒരു മാസം ലഭിക്കുന്ന വരവ്, ചെലവ്, അധികമായി ഒരു മാസം പഞ്ചായത്ത് കണ്ടെത്തേണ്ട തുക എത്ര? എന്നീ വിശദാംശം സഹിതം പഞ്ചായത്തിൽ നിന്ന് പഞ്ചായത്ത് ഡയറക്ടർ വാങ്ങി നൽകി. പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ജങ്കാറിന്റെ വാടകയും മൂന്ന് ജീവനക്കാരുടെ വേതനവുമടക്കം 14,500/- രൂപയാണ് പ്രതിദിന വാടക. പ്രതിമാസം ശരാശരി 2,87,338/- രൂപ വരവും 4,22,187/- രൂപ ചെലവും ഉണ്ട്. അധികമായി കണ്ടെത്തേണ്ട തുക പ്രതിമാസം 1,34,849/- രൂപ.

പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ഒരു വർഷത്തേയ്ക്ക് 16,18,188/- രൂപയാണ് ചെലവ് എന്ന് യോഗം വിലയിരുത്തി. സമർപ്പിച്ചിരിക്കുന്ന പ്രോജക്ടിന്റെ അടങ്കൽ 51,14,700/- രൂപയാണ്.

**തീരുമാനം:-** പഞ്ചായത്ത് ഡയറക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജങ്കാർ സർവീസിന്റെ വരവും ചെലവും കണക്കാക്കി അധികമായി വരുന്ന ചെലവു തുകയായ 16,18,188/-രൂപ ചെലവഴിക്കുന്നതിന് മാത്രമായി പ്രത്യേകാനുമതി നൽകുന്നു. ഇതിനായി തനത് ഫണ്ടോ, വികസന ഫണ്ടോ, ജില്ലാ/ബ്ലോക്ക് വിഹിതമോ ഉപയോഗിക്കേണ്ടതാണ്. ഇങ്ങനെ ഫണ്ട് കണ്ടെത്താൻ ബുദ്ധിമുട്ടാണെങ്കിൽ കൈമാറ്റം ചെയ്യപ്പെട്ട ഘടക സ്ഥാപനങ്ങൾക്ക് അറ്റകുറ്റപ്പണി ഈ വർഷം ആവശ്യമില്ല എന്ന് പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെട്ട

ത്തുകയാണെങ്കിൽ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതാണ്.

**നടപടി- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**2.5(4.9) ചോറോട് ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.12.2020-ലെ കത്തും ചോറോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.09.2020-ലെ 106/20-ാം നമ്പർ തീരുമാനവും (SRG 936/20 – CC/955/20)**

പഞ്ചായത്തിലെ തീരദേശ വാർഡുകളായ 17,18, വാർഡുകളെ കൊവിഡ് വ്യാപന ത്തിന്റെ പേരിൽ ക്രിട്ടിക്കൽ കണ്ടെയിൻമെന്റ് സോണായി പ്രഖ്യാപിച്ചിരുന്നു. ഇവിടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 750 കുടുംബങ്ങൾക്ക് ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു. ഇതിന് ആകെ ചെലവ് 3,86,250/- രൂപയാണ്. സംഭാവനയായി ലഭിച്ചത് 29,500/- രൂപയാണ്. ബാക്കി തുക പഞ്ചായത്ത് ഫണ്ടിൽ നിന്ന് ചെലവഴിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

മുൻ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ച പ്രകാരം ഇത് പരിശോധിച്ച് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നല്കി. തീരദേശ മത്സ്യതൊഴിലാളികളുടെ അവസ്ഥ കണക്കിലെടുത്താണ് കിറ്റ് വിതരണം ചെയ്തതെന്നും ചോറോട് സർവ്വീസ് സഹകരണ ബാങ്കിനു കീഴിലുള്ള ഫെയർമാർട്ട് എന്ന സ്ഥാപനത്തിൽ നിന്നാണ് കിറ്റു വാങ്ങിയതെന്നും ഡയറക്ടർ അറിയിച്ചു.

**തീരുമാനം:-** ഇതിനായി തനത് ഫണ്ട് ഉപയോഗിക്കണമെന്ന നിബന്ധനയോടെ പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**2.5(4.12) പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്ത്**

**പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.05.2018-ലെ** A1 - 3086/2018-ാം **നമ്പർ കത്ത് ( SRG-943 /20 –LSGD - FM2/174/2018/LSGD)**

പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്തിൽ കിളിമാനൂർ മാർക്കറ്റിൽ 2009 മുതൽ ഒരു ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിക്കുന്നുണ്ട്. ബയോടെക് മുഖേനയാണ് ഇതിന്റെ നടത്തിപ്പ്. എന്നാൽ ബയോടെക്കിന്റെ പ്രവർത്തനം തൃപ്തികരമല്ലാത്തതിനാൽ അവരു മായുള്ള കരാർ പുതുക്കിയില്ല. ഇപ്പോൾ പഞ്ചായത്ത് നേരിട്ട് ഒരാളെ നിയമിച്ച് പ്ലാന്റ് പ്രവർത്തിപ്പിക്കുകയാണ്. ഇതിന് 200 രൂപയാണ് ദിവസ വേതനമായി നൽകുന്നത്. ഇയാൾക്ക് 2018 ജനുവരി മുതലുള്ള വേതനം നൽകിയിട്ടില്ല. പഞ്ചായത്ത് ആവശ്യപ്പെട്ടതനുസരിച്ച് 2017-ലെ വേതനം തനത് ഫണ്ടിൽ നിന്നു നൽകാൻ 28.12.2016ലെ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകി. പിന്നീടുള്ള വേതനം യൂസർ ഫീയിൽ നിന്നും നൽകാനായിരുന്നു നിർദ്ദേശം. തുടർന്നുള്ള വേതനം തനത് ഫണ്ടിൽ നിന്ന് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

2018,2019 വർഷങ്ങളിലെ വേതനം നൽകാനുണ്ടെന്നും കഴിഞ്ഞ 6 മാസമായി പ്ലാന്റ് പ്രവർത്തനക്ഷമമല്ല എന്നും യോഗം വിലയിരുത്തിയതനുസരിച്ച് ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. ശുചിത്വ മിഷൻ ഡയറക്ടർ റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്:-** 01.01.2018 മുതൽ 01.01.2019 വരെ വേതനം നൽകിയിട്ടില്ല. ഈ വേതനം തനത് ഫണ്ടിൽ നിന്ന് അനുവദിക്കാവുന്നതാണെന്നറിയിച്ചു. 24.01.2019-ലെ 12(1)-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം മാർക്കറ്റ് പ്രവർത്തിക്കുന്ന ദിവസങ്ങളിൽ (ആഴ്ചയിൽ 2 ദിവസം) 300/- രൂപ വീതം 01.02.2019 മുതൽ 01.07.2020 വരെ തനത് ഫണ്ടിൽ നിന്നും വേതനം നൽകിയിട്ടുണ്ട്. ഇതിന് സാധൂകരണവും നൽകാമെന്നറിയിച്ചു.

**തീരുമാനം:-** 01.01.2018 മുതൽ 31.01.2019 വരെയുള്ള വേതനം തനത് ഫണ്ട് ഉപയോഗിച്ച് പഴയ നിരക്കിൽ നൽകാൻ അനുമതി നൽകുന്നു. 01.02.2019 മുതൽ വേതനം 01.07.2020 വരെ വേതനം നൽകിയതിന് സാധൂകരണവും നൽകുന്നു.

**നടപടി:- 1)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**2.5(4.19)നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.10.2020-ലെ കത്തും നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.08.2020-ലെ 12(2)-ാം നമ്പർ തീരുമാനവും SRG 867/20 - CC/924/20 )**

***പ്രോ.നം. 162/21*** ***അടങ്കൽ 16,00,000/- രൂപ***

*(വികസന ഫണ്ട് - **CFC - Tied Grant**)*

***പേര്:- മൊബൈൽ ക്രിമിറ്റോറിയം***

പഞ്ചായത്തിൽ പൊതു ശ്മശാനത്തിന് വാർഷിക പദ്ധതിയിൽ പല തവണ പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നുവെങ്കിലും പ്രോജക്ട് നടപ്പാക്കാൻ കഴിഞ്ഞില്ല. അടിയന്തിര സ്വഭാവമുള്ളതിനാൽ പഞ്ചായത്ത് സ്വന്തമായി വാഹനം വാങ്ങി മൊബൈൽ ക്രിമിറ്റോറിയം എന്ന പ്രോജക്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഇതിന്മേൽ പുതിയ ഭരണസമിതിയുടെ കൂടി അഭിപ്രായമാരാഞ്ഞ് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. റിപ്പോർട്ട് പ്രകാരം ഈ പ്രോജക്ട് ഒഴിവാക്കാൻ ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്.

**തീരുമാനം:-** ശുചിത്വ മിഷന്റെ റിപ്പോർട്ട് പ്രകാരം വിഷയം പരിഗണിച്ചില്ല.

. **നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**2.5(4.21)തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.10.2020-ലെ കത്തും കേരള വാട്ടർ അതോറിറ്റി പാലക്കാട് പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്തും SRG 871/20 - CC/969/20 )**

***പ്രോ.നം. 373/21*** ***അടങ്കൽ 60,00,000/- രൂപ***

***(CFC - Tied Grant - 20,00000/- രൂപ***

***മറ്റ ഗ്രാമപഞ്ചായത്ത് വിഹിതം - 40,00,000/- രൂപ)***

***പേര്:-തിരുവേഗപ്പുറ, മുതുതല,പരുതൂർ ഗ്രാമപഞ്ചായത്തുകൾക്കുള്ള സമഗ്ര ശുദ്ധജല വിതരണ പരിപാടി***

തിരുവേഗപ്പുറ, മുതുതല, പരുതൂർ ഗ്രാമപഞ്ചായത്തുകളുടെ ഒന്നാം ഘട്ട ശുദ്ധജല വിതരണ പദ്ധതിക്കായി കേരള വാട്ടർ അതോറിട്ടി സ്റ്റേറ്റ് പ്ലാനിൽ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്.

ആകെ 20 കോടി രൂപയാണ് അടങ്കൽ. ഇതിനായി പഞ്ചായത്ത് സ്ഥലം ഏറ്റെടുത്ത് നൽകണമെന്ന് കേരള വാട്ടർ അതോറിട്ടിയുമായി ധാരണ ആയിട്ടുണ്ട്. മാഞ്ഞാമ്പ്ര പ്രദേശത്ത് കേരള വാട്ടർ അതോറിട്ടി ടാങ്കിനു സമീപമുള്ള 1.30 ഏക്കർ സ്ഥലമാണ് കേരള വാട്ടർ അതോറിട്ടി അനുയോജ്യമായി കണ്ടെത്തിയിരിക്കുന്നത്. ഒരു സെന്റിന് 39,000/- രൂപ വച്ച് ആകെ വില 50,70,000/- രൂപ. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** യോഗത്തിൽ ഹാജരായിരുന്ന കേരള വാട്ടർ അതോറിട്ടി എം.ഡി.യുടെ കൂടി അഭിപ്രായ പ്രകാരം അനുമതി നൽകുന്നു. ഒപ്പം ഇത് സംയോജിത പ്രോജക്ടാക്കുന്നതിന്റെ സാധ്യത പരിശോധിച്ച് നടപടി സ്വീകരിക്കണം.

**നടപടി:- 1)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**2.5(4.22)മുതുതല ഗ്രാമപഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.10.2020-ലെ കത്തും പാലക്കാട് ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്ററുടെ 17.09.2020-ലെ SBM 699/20-ാം നമ്പർ കത്തും SRG 866/20 - CC/443/20 )**

2019-20 വർഷം പഞ്ചായത്ത് പ്രദേശത്തെ മാലിന്യം കയറ്റി അയക്കുന്നതിന് ക്ലീൻ കേരള കമ്പനിയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ ടെണ്ടർ നടപടി കൂടാതെ സ്വകാര്യ കമ്പനിയാണ് ഈ മാലിന്യം കൊണ്ടു പോയത്. ആകെ 22.05 ടൺ മാലിന്യം ഇങ്ങനെ കൊണ്ടു പോയി. ഇതിന്റെ ചെലവായി 2.00 ലക്ഷം രൂപ നൽകണമെന്ന് കമ്പനി ആവശ്യപ്പെട്ടിട്ടുണ്ട്. മാലിന്യം കയറ്റി അയയ്ക്കാൻ 2019-20-ൽ 3,50,000/- രൂപ തനത് ഫണ്ട് ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നതാണ്. ഈ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. മുൻ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ച പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്:-** മാലിന്യം നീക്കം ചെയ്തില്ലെങ്കിൽ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുമായിരുന്നു എന്നതിനാൽ മാലിന്യം നീക്കം ചെയ്ത നടപടിക്ക് സാധൂകരണം നൽകാവുന്നതാണ്. ഇതിന് ചെലവായ 2.00 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും നൽകാമെന്നും അറിയിച്ചിട്ടുണ്ട്.

**തീരുമാനം:-** ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം മാലന്യം കയറ്റി അയച്ചതിന്റെ ചെലവായ 2.00 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും നൽകാൻ അനുമതി നൽകുന്നു.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**3. പൊതു വിഷയങ്ങൾ**

**================**

**3.1** 2016 മുതൽ 07.01.2021 വരെ നടന്ന കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രവർത്തനം യോഗം വിശദമായി അവലോകനം ചെയ്തു. മുൻകാലങ്ങളെ അപേക്ഷിച്ച് കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രവർത്തനത്തിൽ ഗുണപരമായി വലിയ മാറ്റങ്ങൾ

ഈ കാലഘട്ടത്തിൽ നടന്നു എന്ന് യോഗം വിലയിരുത്തി. ഈ പുതിയ മാതൃക വരും കാലങ്ങളിലും തുടരാവുന്നതാണെന്ന് യോഗം വിലയിരുത്തി. ഒപ്പം കൂടുതൽ മികവുറ്റ രീതിയിൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രവർത്തം ചിട്ടപ്പെടുത്തുന്നതിനുള്ള നിർദ്ദേശം തയ്യാറാക്കാൻ എസ്.ആർ.ജി. ചെയർമാനോട് നിർദ്ദേശിച്ചു. കൂടാതെ കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച് എസ്.ആർ.ജി.യിൽ തയ്യാറാക്കിയിരിക്കുന്ന കരട് റിപ്പോർട്ട് അന്തിമമാക്കി പിന്നീട് പ്രയോജനപ്പെടുംവിധം പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കണമെന്ന് എസ്.ആർ.ജി. ചെയർമാനോട് നിർദ്ദേശിച്ചു.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3.2** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ വർഷത്തെ (2020-21) വാർഷിക പദ്ധതി തയ്യാറാക്കിയത് ബഡ്ജറ്റ് വിഹിതത്തെക്കാൾ കൂടുതൽ തുകയ്ക്കാണ്. ഗ്രാമപഞ്ചായത്ത് ബഡ്ജറ്റ് വിഹിതത്തെക്കാൾ പരമാവധി 25 ശതമാനം വരെയും ബ്ലോക്ക് പഞ്ചായത്തും നഗരസഭകളും പരമാവധി 30 ശതമാനംവരെയും അധികമായി വകയിരുത്താനാണ് അനുമതി നൽകിയത്. എന്നാൽ ജില്ലാ പഞ്ചായത്തിനും കോർപ്പറേഷനും അധികമായി 35 ശതമാനം വരെ തുകയ്ക്കുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്താമായിരുന്നു. 2019-20-ൽ സ്പിൽഓവർ ബാധ്യതയും ക്യൂബിൽ തുകയും കൂടുതലായിരുന്നു. ഇപ്പോൾ തന്നെ ചില തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനകം ലഭ്യമായ വിഹിതം പൂർണ്ണമായും ചെലവഴിച്ചു. ഇങ്ങനെ തുക പൂർണ്ണമായും ചെലവഴിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പൂർത്തിയായ പ്രവൃത്തികളുടെ റിക്വിസിഷൻ എടുക്കാനോ ബിൽ സമർപ്പിക്കാനോ കഴിയുന്നില്ല. ഇതിന്മേൽ താഴെപ്പറയുന്ന തീരുമാനമെടുത്തു.

**തീരുമാനം** :- തുക തീർന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് റിക്വിസിഷൻ എടുക്കാനോ ബിൽ തയ്യാറാക്കാനോ കഴിയുന്നില്ല എന്ന വസ്തുത യോഗം ചർച്ച ചെയ്തു. ഈ സാഹചര്യത്തിൽ ഏതു വിഹിത മാണോ തീർന്നത് (വികസനഫണ്ട് ജനറൽ, SCP, TSP മെയിന്റനൻസ് ഗ്രാന്റ് etc) ഈ വിഹിതം അധികമായി അനുവദിക്കണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. കൂടാതെ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പല തദ്ദേശഭരണ സ്ഥാപന ങ്ങളുടേയും ബജറ്റ് വിഹിതം തീരാൻ സാധ്യതയുണ്ട്. ഇങ്ങനെയുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ആവശ്യപ്പെടുന്ന മുറയ്ക്ക് ഫണ്ട് ലഭ്യമാക്കണമെന്നാവശ്യപ്പെടാൻ തീരുമാനിച്ചു. ഇത് പ്രത്യേക ഫയലായി ധനവകുപ്പിന് നൽകാൻ തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഒപ്പം ഇതിന്മേൽ ധനവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായി വിഷയം ചർച്ചചെയ്യാൻ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**നടപടി:-1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**2) ധനവകുപ്പ്**

**3.3** കൊവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ കൊവിഡ് പ്രതിരോധ പരിരക്ഷാ പ്രവർത്തനങ്ങൾക്കായി അടിയന്തിര പ്രാധാന്യത്തോടെ നടപ്പാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് വിവിധ ചുമതലകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകി യിരുന്നു. ഇതിനാവശ്യമായ തുക ചെലവഴിക്കുന്നതിന് 'Special Projects' എന്ന ഗണത്തിൽ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കാനുള്ള അനുമതി 21.07.2020-ലെ

1382/20/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നൽകി. ഇതിനായി വികസനഫണ്ട് (പൊതുവിഭാഗം) ഉപയോഗിക്കാനും അനുമതി നൽകിയിരുന്നു. ലഭ്യമായ ഫണ്ടിന് ഉപരിയായി (വാലിഡേഷന് പുറത്ത്) പ്രോജക്ട് തയ്യാറാക്കാമായിരുന്നു. ഇതനുസരിച്ച് ചെലവ് വരുന്ന മുറയ്ക്ക് ബിൽ തുക മാറാനും ക്രമീകരണം നടത്തി. ഇങ്ങനെ ചെലവഴിക്കുന്ന തുക SDRF ൽ നിന്നും അനുവദിക്കുന്നതിന് ആവശ്യമായ രേഖകൾ സഹിതം ജില്ലാകളക്ടർക്ക് നൽകണമെന്നും അനുവദനീയമായ ചെലവുകളുടെ തുക റീഇംപേഴ്സ് ചെയ്യുമെന്നുമായിരുന്നു അറിയിച്ചിരുന്നത്. ജില്ലാ കളക്ടർ മുഴുവൻ തുകയും അനുവദിച്ചില്ലെങ്കിൽ ബാക്കി തുക ധനവകുപ്പ് പ്രത്യേകമായി നൽകുമെന്നും അറിയിച്ചിരുന്നു. ഇപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ജില്ലാ കളക്ടർ തുക റീഇംപേഴ്സ് ചെയ്യുന്നുണ്ട്. ഇത് പഞ്ചായത്തിന്റെ സ്പെഷ്യൽ റ്റി.എസ്.ബി.യിലാണ് സൂക്ഷിക്കുന്നത്.

സർക്കാർ ഉത്തരവ് പ്രകാരം (ഖണ്ഡിക 3.5) SDRF ൽ നിന്ന് റീഇംപേഴ്സ് ചെയ്ത് ലഭിക്കുന്ന തുകയും സർക്കാർ പ്രത്യേകമായി നൽകുന്ന തുകയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഇതിനകം ഉൾപ്പെടുത്തിയിട്ടുള്ള മറ്റ് വികസന പ്രോജക്ടുകൾക്ക് ഉപയോഗിക്കാവുന്നതാണ്. ഇതിനായി പ്രോജക്ട് ഭേദഗതി ചെയ്യാവുന്നതാണെന്നും ഉത്തരവിൽ പറയുന്നുണ്ട്.

എന്നാൽ വികസന ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള പ്രോജക്ടിന് വേണ്ടി ഈ തുക ഉപയോഗിക്കുന്നതിൽ സാങ്കേതിക പ്രശ്നമുണ്ട് എന്ന് യോഗം നിരീക്ഷിച്ചു.

**തീരുമാനം:-** ഇത് പരിശോധിച്ച് ആവശ്യമായ ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെയും എസ്.ആർ.ജി. കൺവീനറെയും ചുമതലപ്പെടുത്തി

**നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**
**3) കൺവീനർ, എസ്.ആർ.ജി.**

**3.4** 2021-22-ലെ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി ആസൂത്രണ ഗ്രാമസഭ കൂടണമെന്ന് ഉത്തരവിലൂടെ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ചില പ്രദേശങ്ങൾ കൊവിഡ് വ്യാപനത്താൽ കണ്ടെയിന്റ്മെന്റ് സോൺ/ഹോട്ട് സ്പോട്ട് ആയി പ്രഖ്യാപിച്ചിട്ടുണ്ട്. ഇവിടെ ഗ്രാമസഭ കൂടുന്നത് സാധ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ ഇത്തരം പ്രദേശങ്ങളിൽ ഗ്രാമസഭ കൂടുന്നത് നിർബന്ധമാക്കുന്നത് ബുദ്ധിമുട്ടാണ്. ഈ സാഹചര്യത്തിൽ കണ്ടെയിന്റ്മെന്റ് സോൺ/ ഹോട്ട്സ്പോട്ടായി പ്രഖ്യാപിച്ച സ്ഥല ങ്ങളിലെ ഗ്രാമ/ വാർഡ്സഭാ യോഗങ്ങൾ മറ്റ് വാർഡുകളിലെ യോഗങ്ങൾക്കൊപ്പം ചേരുന്നതിന് കഴിയുന്നില്ലെങ്കിൽ, ഇങ്ങനെയുള്ള വാർഡുകളിലെ യോഗങ്ങൾ ഒഴിവാക്കാവുന്നതും മറ്റ് വാർഡുകളിലെ യോഗങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ആസൂത്രണ ത്തിന്റെ അടുത്ത ഘട്ടമായ വികസന സെമിനാറിലേയ്ക്ക് കടക്കാവുന്നതുമാണ്. എന്നാൽ സാധാരണ രീതിയിലുള്ള യോഗങ്ങൾ ചേരുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന ഇത്തരം വാർഡുകളിൽ കഴിയുമെങ്കിൽ ഓൺലൈൻ മാർഗ്ഗത്തിൽ ഗ്രാമ/വാർഡ്സഭകൾ ചേരുന്നതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3.5** ഐ.കെ.എം.ന്റെ സുലേഖ അടക്കമുള്ള പോർട്ടലിൽ ലഭ്യമായ വിവരങ്ങൾ വകുപ്പുമേധാവികളടക്കമുള്ളവർക്ക് ലഭ്യമാക്കാൻ അടിയന്തിര നടപടി ഐ.കെ.എം.

സ്വീകരിക്കാൻ എക്സിക്യൂട്ടീവ് ഡയറക്ടറോട് യോഗം നിർദ്ദേശിച്ചു. SCP, TSP പ്രോജക്ടുകളുടെ നിർവഹണം റിവ്യൂ ചെയ്യാൻ ഇത് അത്യാവശ്യമാണെന്ന് പട്ടികജാതി വികസന ഡയറക്ടർ അറിയിച്ചു. അതിനാൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, പട്ടികവർഗ്ഗ വികസന ഡയറക്ടർ എന്നിവർക്ക് പദ്ധതി റിവ്യൂ ചെയ്യുന്നതിന് ആവശ്യമായ വിവരങ്ങൾ ലഭ്യമാകും വിധം യൂസർ നെയിമും പാസ് വേഡും ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ നൽകണം. കൂടാതെ ആവശ്യമായ സാങ്കേതിക സഹായങ്ങളും നൽകണം. ഇതിന്മേൽ സ്വീകരിച്ച നടപടി ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്യണം.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.**

**3.6** തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് മേഖലയിൽ ഇ - എം.ബുക്ക് രീതി നടപ്പാക്കുവാനും ഈ നടപടി പൂർത്തിയായി വരുന്നു എന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിരുന്നു. ഇത് കുറ്റമറ്റതാക്കണമെന്നും കാര്യക്ഷമമായ ഫീൽഡുതല പരിശോധനയിലൂടെ വേണം ഇത് നടപ്പാക്കേണ്ടതെന്നും യോഗം നിർദ്ദേശിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യു.) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

**3.7** നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും ലഭിക്കുന്ന TSP വിഹിതം ചെലവഴിക്കാൻ ബുദ്ധിമുട്ട് നേരിടുന്നതായി കോഓർഡിനേഷൻ കമ്മിറ്റി നേരത്തെ വിലയിരുത്തി യിരുന്നു. ഇത്തരം പ്രദേശങ്ങളിൽ നടപ്പാക്കാൻ അനുയോജ്യമായ പ്രോജക്ടുകൾ, നൂതന പ്രോജക്ടുകൾ കണ്ടെത്തി നൽകാൻ സംസ്ഥാന ആസൂത്രണ ബോർഡ് ഡി.പി. ഡിവിഷൻ ചീഫിനെ ചുമതലപ്പെടുത്തി. ചീഫ് അടിയന്തിരമായി ഇതിന്മേൽ നടപടി സ്വീകരിക്കേണ്ടതും അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ ഇതു സംബന്ധിച്ച് റിപ്പോർട്ട് നൽകേണ്ടതുമാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ചീഫ് (ഡി.പി. ഡിവിഷൻ) സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്**

**3.8** തിരുവനന്തപുരം കോർപ്പറേഷനിൽ TSP ചെലവഴിക്കാൻ കഴിയുന്നില്ല എന്ന് കഴിഞ്ഞ കോഓർഡിനേഷൻ കമ്മിറ്റിയിൽ നഗരകാര്യ ഡയറക്ടർ അറിയിച്ചിരുന്നു. ഇവിടെ TSP ഫണ്ടുപയോഗിച്ച് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി നല്ല നിലവാരത്തിലുള്ള ഒരു ഹോസ്റ്റൽ പണിയുന്നതിന്റെ സാധ്യത ആരാഞ്ഞ് അടിയന്തിര നടപടി സ്വീകരിക്കണം. പട്ടികവർഗ്ഗ വകുപ്പിന്റെ ഹോസ്റ്റലിന്റെ നടത്തിപ്പ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടില്ലെങ്കിലും കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ഒരു ഹോസ്റ്റൽ നിർമ്മിക്കാ വുന്നതാണ്. ഇത് പരശോധിച്ച് പട്ടികവർഗ്ഗ വികസന ഡയറക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവർ തുടർ നടപടി സ്വീകരിക്കണം.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) നഗരകാര്യ ഡയറക്ടർ,**
**3) ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്**

**3.9** ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ പുതിയതായി അപേക്ഷിക്കാനുള്ള അവസരം ഇപ്പോൾ ഇല്ല. എന്നാൽ അർഹരായ പലർക്കും അപേക്ഷ നിർദ്ദിഷ്ട കാലപരിധിക്കകം സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് യോഗം വിലയിരുത്തി. ഈ സാഹചര്യത്തിൽ അർഹതയുള്ള ഭവന രഹിതർക്ക് അപേക്ഷിക്കുന്നതിനുള്ള ക്രമീകരണം ചെയ്യാൻ

ലൈഫ് സി.ഇ.ഒയെ ചുമതലപ്പെടുത്തി. ഇതിനായി അടിയന്തിരമായി സൈറ്റ് എനേബിൾ ചെയ്യാനും തീരുമാനിച്ചു. അടിയന്തിരമായി ഇതു സംബന്ധിച്ച ഉത്തരവ്/സർക്കുലർ നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**

**3.10** പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യതൊഴിലാളി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ആവശ്യമായ ലാപ് ടോപ് CPRCS പോർട്ടലിൽ നിന്നു വാങ്ങണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ CPRCS പോർട്ടൽ മുഖേന സർക്കാർ നിർദ്ദേശിച്ച സ്പെസിഫിക്കേഷനോടെ നിശ്ചയിക്കപ്പെട്ട വിലയ്ക്ക് ലഭ്യമല്ല എന്ന് പല തദ്ദേശഭരണ സ്ഥാപനങ്ങളും അറിയിച്ചിട്ടുണ്ട്. മാർച്ച് 31-നകം വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകേണ്ടതുണ്ട്. ഓൺ ലൈൻ പഠനരീതി സാർവ്വത്രികമായ ഈ സമയത്ത് ലാപ് ടോപ് എത്രയും വേഗം നൽകുന്നത് ഈ വിദ്യാർത്ഥികൾക്ക് കൂടുതൽ സഹായകരമാകും. ഈ സാഹചര്യത്തിൽ CPRCS-ൽ ലാപ് ടോപ് ലഭ്യമാകും വരെ 21.01.2020-ലെ DA1/363/2019/തസ്വഭവ സർക്കുലറിൽ പറയും പ്രകാരമുള്ള സ്പെസിഫിക്കേഷൻ അനുസരിച്ച് ലാപ് ടോപ് GEM മുഖേനയോ ടെണ്ടർ/ ഇ-ടെണ്ടർ മുഖേനയോ വാങ്ങി നൽകാവുന്നതാണ്. മുകളിൽ പറഞ്ഞ സർക്കുലറിൽ പറയുന്ന നിരക്കിൽ വില പരിമിതപ്പെടുത്തേണ്ടതാണ്. എന്നാൽ CPRCS പോർട്ടലിൽ വില പുതുക്കുകയാണെങ്കിൽ പുതിയ നിരക്ക് ബാധകമായിരിക്കുന്നതാണ്.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ഐ.റ്റി.മിഷൻ ഡയറക്ടർ**

**3.11 പേവിഷ നിർമ്മാർജ്ജനം - ABC പദ്ധതി**

തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ട് തയ്യാറാക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ABC പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥനായി കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററെയാണ് നിശ്ചയിച്ചിരിക്കുന്നത്. ഒരു തെരുവു നായയെ വന്ധീകരിക്കുന്നതിന് 2,100/- രൂപയാണ് ചെലവഴിക്കാവുന്നത്. എന്നാൽ ABC പദ്ധതിക്ക് കഴിഞ്ഞ 5 വർഷങ്ങളിലായി വകയിരുത്തിയിരിക്കുന്ന തുകയും ചെലവും കുറഞ്ഞു വരുന്നതായാണ് കാണുന്നത്. കഴിഞ്ഞ മാസം മലപ്പുറം ജില്ലയിൽ ഒരാൾ പേവിഷ ബാധിച്ചു മരണപ്പെട്ടു. ഈ സാഹചര്യത്തിൽ തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിനും ABC പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിനും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കാര്യക്ഷമമായ നടപടി സ്വീകരിക്കണം. കഴിഞ്ഞ 5 വർഷം ABC പദ്ധതിക്ക് സംസ്ഥാനത്ത് ആകെ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും താഴെപ്പറയും പ്രകാരമാണ്.

| **വർഷം** | **വകയിരുത്തിയ തുക (ലക്ഷം രൂപ)** | **ചെലവഴിച്ച തുക (ലക്ഷം രൂപ)** |
|---|---|---|
| 2016-17 | 4864.14 | 861.71 |
| 2017-18 | 3417.89 | 618.58 |
| 2018-19 | 1248.84 | 432.69 |
| 2019-20 | 1027.10 | 407.79 |
| 2020-21 | 786.28 | 194.13 |
| **ആകെ** | **11344.25** | **2514.9** |

എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പ്രത്യേകിച്ച് കോർപ്പറേഷനുകളും നഗരസഭകളും മതിയായ തുക ABC പദ്ധതിക്കും തെരുവുനായ നിയന്ത്രണത്തിനും വകയിരുത്തണം. ഇതിനായി സമഗ്രമായ പരിപാടി തയ്യാറാക്കണം. ഇതിന്മേൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട് നൽകണം. സമഗ്ര പരിപാടി തയ്യാറാക്കുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുമായി ചർച്ച ചെയ്യണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**
**3) ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്**

**3.12** ജില്ലാ പഞ്ചായത്തുകൾ PMAY(ഗ്രാമീൺ)ക്ക് വിഹിതം വകയിരുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ ജില്ലയിലും ജില്ലാ പഞ്ചായത്തുകൾ PMAY(ഗ്രാമീൺ)ക്ക് എത്ര തുകയാണ് മാറ്റി വയ്ക്കേണ്ടതെന്ന് ജില്ലാ പഞ്ചായത്തുകളെ അറിയിക്കാറില്ല. ഇത് ജില്ലാ പഞ്ചായത്തിന്റെ പദ്ധതി തയ്യാറാക്കുന്നതിൽ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഇതൊഴിവാക്കാൻ ഓരോ ജില്ലാ പഞ്ചായത്തും PMAY(ഗ്രാമീൺ) പദ്ധതിക്കായി വകയിരുത്തേണ്ട തുക എത്രയെന്ന് ഗ്രാമവികസന കമ്മീഷണർ മുൻകൂട്ടി തന്നെ ജില്ലാ പഞ്ചായത്തുകളെ അറിയിക്കേണ്ടതാണ്.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**
**2) ഗ്രാമവികസന കമ്മീഷണർ**

**3.13** 2018,2019 പ്രളയത്തിൽ വീട് തകർന്ന കുടുംബങ്ങൾ ഉണ്ട്. ഈ കുടുംബങ്ങൾക്ക് CMDRF/SDRF ൽ നിന്ന് ധനസഹായം നൽകുന്നുണ്ട്. വീട് പൂർണ്ണമായി തകർന്നതോ (Fully Damaged) വാസയോഗ്യമല്ലാതായതോ (Severly Damaged greater than 75%) ആയ വീടുകൾക്ക് 4.00 ലക്ഷം രൂപയാണ് നൽകുന്നത്. എന്നാൽ വീടിന്റെ നാശനഷ്ടം കുറവാണ് എങ്കിൽ ആനുപാതികമായി ധനസഹായത്തിന്റെ നിരക്കും കുറയും. എന്നാൽ ചില സാഹചര്യങ്ങളിൽ കുറഞ്ഞ നിരക്കിൽ SDRF ൽ നിന്നും ലഭിക്കുന്ന സഹായം കൊണ്ട് വീട് വാസയോഗ്യമാക്കാൻ കഴിയില്ല. വീട് വീണ്ടും പുനർ നിർമ്മിക്കേണ്ടി വരുന്ന സാഹചര്യത്തിൽ (പുതിയ വീട് നിർമ്മിക്കേണ്ടി വരുമ്പോൾ) SDRF -ൽ നിന്നു ലഭിച്ച തുക എത്രയാണോ അത് കുറവു ചെയ്ത് ലൈഫ് നിരക്കായ നാലു ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി ബാക്കി തുക തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് നല്കാവുന്നതാണ്. ഈ കുടുംബങ്ങൾ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെങ്കിലും ഈ രീതിയിൽ പുതിയ വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകാൻ അനുമതി നൽകുന്നു.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) സി.ഇ.ഒ, ലൈഫ് മിഷൻ**

## 4. പ്രത്യേക വിഷയങ്ങൾ

====================

### 4.1 കാസർഗോഡ് ജില്ലാ പഞ്ചായത്ത്

**കാസറഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 02.10.2020-ലെ B4 - 4060/19-ാം നമ്പർ കത്ത് (SRG 59/21 LSGD - DD1/10/2021/LSGD)**

ജില്ലാ പഞ്ചായത്ത് 2020-21 പദ്ധതിയിൽ PMAY (ഗ്രാമീൺ) പ്രകാരം ഭവന പദ്ധതിക്ക് തുക വകയിരുത്തിയിട്ടുണ്ട്. ഇതു ബ്ലോക്ക് പഞ്ചായത്തിനു കൈമാറേണ്ട തുകയാണ്. എന്നാൽ മുൻ വർഷങ്ങളിലും ഈ വർഷവും PMAY(ഗ്രാമീൺ) പദ്ധതിയിൽ

എത്ര രൂപയാണ് മാറ്റി വയ്ക്കേണ്ടതെന്ന് ഗ്രാമവികസന കമ്മീഷണറേറ്റിൽ നിന്ന് അറിയിച്ചിട്ടില്ല. അതിനാൽ ജില്ലാ പഞ്ചായത്ത് മാറ്റി വയ്ക്കുന്ന തുക മുഴുവൻ ചെലവഴിക്കാൻ കഴിയുന്നില്ല. ഈ സാഹചര്യത്തിൽ ജില്ലാ പഞ്ചായത്ത് PMAY യിൽ മാറ്റി വയ്ക്കേണ്ട തുക മുൻകൂട്ടി അറിയിക്കണമെന്നും ഇങ്ങനെ മാറ്റി വയ്ക്കുന്ന തുക മറ്റു ലൈഫ് മിഷൻ പരിപാടിക്കു കൂടി ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-**

1) PMAY (ഗ്രാമീൺ) പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്തുകൾ മാറ്റി വയ്ക്കേണ്ട തുക മുൻകൂട്ടി തന്നെ ഗ്രാമ വികസന കമ്മീഷണർ അറിയിക്കണമെന്ന് നിർദ്ദേശം നൽകുന്നു.
2) PMAY യ്ക്കു വേണ്ടി മാറ്റി വയ്ക്കുന്ന തുക കൂടി ചേർത്താണ് ലൈഫ് പദ്ധതിക്ക് വകയിരുത്തേണ്ട കുറഞ്ഞ വിഹിതം (20%) നിശ്ചയിക്കുന്നത്. അതിനാൽ PMAY യിൽ മാറ്റി വയ്ക്കുന്ന തുക ചെലവഴിക്കാതെ വരുമ്പോൾ ആ തുകയും മറ്റു ലൈഫ് വീടുകൾക്ക് ഉപയോഗിക്കാവുന്നതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ഗ്രാമവികസന കമ്മീഷണർ**

**4.2 കുഴിമണ്ണ ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.01.2021-ലെ കത്തും റിപ്പോർട്ടും അനുബന്ധരേഖകളും (SRG 20/21 CC/1026/20)**

കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിലെ താമസക്കാരിയായ ശ്രീമതി രജനി w/o പ്രവീൺ എന്നയാൾ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു. ആദ്യഗഡുവായി 40,000/- രൂപ ഗുണഭോക്താവിന് നൽകി. പട്ടികജാതി വിഭാഗക്കാരിയായ രജനി ഭർത്താവിനെ ഉപേക്ഷിച്ചു പോയി. കുട്ടികൾ ഭർത്താവിനൊപ്പമാണ്. ഭർത്താവ് പൊതു വിഭാഗത്തിൽപ്പെട്ടയാളാണ്. വീടിന്റെ ശേഷിക്കുന്ന ഗഡുക്കൾ ഭർത്താവിന്റെ പേരിൽ നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** ശേഷിക്കുന്ന ഗഡുക്കൾ വികസനഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നു നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.3 വാകത്താനം ഗ്രാമപഞ്ചായത്ത്**

**വാകത്താനം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.08.2019-ലെ A5-172/2019-ാം നമ്പർ കത്തും പഞ്ചായത്ത് ഡയറക്ടറുടെ 12.06.2020-ലെ കത്തും (SRG 61/21 LSGD - DB1/156/2020/LSGD)**

പഞ്ചായത്തിൽ 25.02.2019-ൽ ലൈഫ് ഭവന പദ്ധതി പ്രകാരം പണി പൂർത്തീകരിച്ച വീടുകളുടെ താക്കോൽദാനം ബഹു. വൈദ്യുതി വകുപ്പ് മന്ത്രി നിർവഹിച്ചിരുന്നു. ഈ പൊതു പരിപാടിയുടെ ചെലവിനത്തിൽ 37,525/- രൂപ ചെലവായി. ഇത്തരം പരിപാടിക്ക് ചെലവഴിക്കാവുന്ന തുകയിലധികം ചെലവഴിച്ചു. ഈ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** തനത് ഫണ്ടിൽ നിന്നു തുക ചെലവഴിക്കാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.4 മറ്റത്തൂർ ഗ്രാമപഞ്ചായത്ത്**

**മറ്റത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02.11.2020 -ലെ A2-1000 /19-ാം നമ്പർ കത്തും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.09.2020-ലെ 1(2)-ാം നമ്പർ തീരുമാനവും (SRG 60/21 LSGD - DA1/335/2020/LSGD)**

***പ്രോ.നം. 307/21*** ***അടങ്കൽ 11,00,000/-രൂപ***
***(പ്രോ.നം. പഴയത് 17/20)*** ***(SCP)***
***പേര്:- എസ്.സി. ബിരുദ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്***

പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങി നൽകുന്നതിനുള്ള പ്രോജക്ട് 2019-20ൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇത് 2020-21 -ൽ സ്പിൽ ഓവർ ആയി തുടരുന്നു. ഈ പ്രോജക്ടിന്റെ ഗുണഭോക്തൃ ലിസ്റ്റിലുള്ള 6 വിദ്യാർത്ഥികൾ കഴിഞ്ഞ വർഷം കോഴ്സ് പൂർത്തിയാക്കി. ഇവർക്കു കൂടി ലാപ് ടോപ് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** കോഴ്സുകളുടെ കാര്യത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള നിബന്ധന പാലിക്കണമെന്ന നിർദ്ദേശത്തോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.5 അജാനൂർ ഗ്രാമപഞ്ചായത്ത്**

**അജാനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.01.2021-ലെ A1-38/2021-ാം നമ്പർ കത്ത്. (SRG 7/21 )**

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങി നൽകുന്നതിനുള്ള പ്രോജക്ട് ഈ വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ നിർദ്ദേശ പ്രകാരം CPRCS പോർട്ടൽ മുഖേന വാങ്ങാനാണ് ഉദ്ദേശിച്ചിരുന്നത്. ഇതിന് ഓൺലൈനായി ഇൻവോയ്സ് എടുക്കാൻ സാധിക്കുന്നില്ല. KELTRON മായി ബന്ധപ്പെട്ടപ്പോൾ CPRCS പോർട്ടൽ വഴി ലാപ് ടോപ് നൽകുന്നതിനുള്ള കരാർ 30.11.2020-ൽ അവസാനിച്ചു വെന്നും അതിനാൽ ലാപ് ടോപ് പഴയ നിരക്കിൽ നൽകാനാവില്ലെന്നും അറിയിച്ചു. ഈ സാഹചര്യത്തിൽ ഓപ്പൺ മാർക്കറ്റിൽ നിന്ന് മാർക്കറ്റ് വിലയ്ക്ക് ലാപ് ടോപ് വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** പൊതു വിഷയം ഖണ്ഡിക 3.10 ബാധകം

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.6 ഏറ്റുമാനൂർ നഗരസഭ**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.01.2020-ലെ കത്തും ഏറ്റുമാനൂർ മുനിസിപ്പൽ ചെയർമാന്റെ 30.12.2019-ലെ G3-11491/19-ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.05.2020-ലെ യോഗ തീരുമാനവും (ഖണ്ഡിക 2.3(4.70) (SRG 34/20 - CC/28/20 - LSGD /DC3/132/LSGD)**

*പ്രോ.നം. 471/20* *അടങ്കൽ27,53,84,972/- രൂപ*

*(തനത് ഫണ്ട് - 4,53,84,972/- രൂപ*

*ലോൺ - 23.00 കോടി രൂപ)*

***പേര് - ഷോപ്പിംഗ് കോംപ്ലക്സ് കം മൾട്ടി പ്ലക്സ് തിയേറ്റർ***

2018-19-ൽ പ്രോ.നം. 374/19 ആയി ഈ പദ്ധതി ബഹു.വർഷ പ്രോജക്ടായി അംഗീകാരം നേടിയിരുന്നു. ജില്ലാ ആസൂത്രണസമിതി അംഗീകരിക്കുമ്പോൾ നിർവ്വഹണ രീതി ടെണ്ടർ എന്നാണ് ചേർത്തിരുന്നത്. മുനിസിപ്പാലിറ്റിയിൽ ടെണ്ടർ ചെയ്ത മറ്റു ചില പ്രവൃത്തികൾ സമയബന്ധിതമായി തീർത്തില്ല എന്ന കാരണത്താൽ ടെണ്ടർ നടപടി ഒഴിവാക്കി 25.00 കോടിക്ക് മുകളിൽ തുകയുള്ള പ്രവർത്തനങ്ങൾ എടുക്കാവുന്ന ഏജൻസികളിൽ നിന്ന് ടെണ്ടർ വിളിച്ചു. ഇതനുസരിച്ച് കുറഞ്ഞ ടെണ്ടർ ചെയ്ത ഏജൻസിയുമായി കരാർ വച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു. ഈ നടപടിക്രമവത്ക്കരിക്കുന്നതിന്റെ ഭാഗമായി ടെണ്ടറിനു പകരം അക്രഡിറ്റഡ് ഏജൻസിയെക്കൊണ്ട് പദ്ധതി നിർവഹണം നടത്തുന്നതിന് അനുമതി ആവശ്യപ്പെട്ടിരുന്നു. ഇത് 25.02.2020-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുകയും ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ചീഫ് എഞ്ചിനീയർ ഇതു പരിശോധിച്ച് താഴെപ്പറയും പ്രകാരം റിപ്പോർട്ട് നൽകുകയും 27.05.2020-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട് പരിഗണിക്കുകയും ചെയ്തിരുന്നു.

ഈ പ്രോജക്ടിന്റെ നടത്തിപ്പിൽ ചുവടെ ചേർത്തിട്ടുള്ള ന്യൂനതകളാണ് റിപ്പോർട്ടിൽ ചീഫ് എഞ്ചിനീയർ ചൂണ്ടികാണിച്ചത്.

ഈ പ്രോജക്ടിന്റെ നിർവഹണ ഉദ്യോഗസ്ഥൻ നഗരസഭയിലെ അസിസ്റ്റന്റ് എഞ്ചിനീയറാണ്. ടെണ്ടർ മുഖേന നിർവഹണം നടത്തുന്നതിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിച്ച പ്രോജക്ട് അക്രഡിറ്റഡ് ഏജൻസി മുഖേന നിർവഹണം നടത്താൻ കൗൺസിൽ തീരുമാനിക്കുകയായിരുന്നു. നഗരസഭാ അസിസ്റ്റന്റ് എഞ്ചിനീയറെ ഒഴിവാക്കി നഗരസഭാ സെക്രട്ടറി നേരിട്ട് അക്രഡിറ്റഡ് ഏജൻസിയെ കണ്ടെത്തുന്നതിന് താല്പര്യപത്രം ക്ഷണിച്ചു. ഈ കത്തിൽ PMC എന്നു ചേർത്തിരുന്നില്ല. എന്നാൽ പ്രവർത്തനം ഇപ്പോൾ നടത്തുന്ന WAPCOS Ltd. PMC മാത്രമാണ്. ഇത് ക്രമ വിരുദ്ധമാണ് എന്ന് മുൻസിപ്പൽ അസിസ്റ്റന്റ് എഞ്ചിനീയറും റിപ്പോർട്ട് ചെയ്തിരുന്നു. നഗരസഭാ സെക്രട്ടറി താല്പര്യപത്രം ക്ഷണിച്ച് സെലക്ഷൻ നോട്ടീസ് നൽകിയതിനു ശേഷമാണ് നഗരസഭാ അസിസ്റ്റന്റ് എഞ്ചിനീയറെകൊണ്ട് കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ളത്. ഇതിന്മേൽ 27.05.2020-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ താഴെപ്പറയുന്ന തീരുമാനമെടുത്തു.

നടപടിക്രമങ്ങളിൽ ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് യോഗം വിലയിരുത്തി. വകുപ്പുതലത്തിൽ പരിശോധിച്ച് തീരുമാനമെടുക്കാനും വീഴ്ച നടത്തിയവരുടെ പേരിൽ കർശന നടപടി സ്വീകരിക്കാനും യോഗം നിർദ്ദേശിച്ചിരുന്നു. ഇതിനെ തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പുതലത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

(i) വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചു.

(ii) മുകളിൽ പറഞ്ഞ പ്രവൃത്തി ടെണ്ടറിനു പകരം അക്രഡിറ്റഡ് ഏജൻസിയെക്കൊണ്ട് നിർവ്വഹണം നടത്തുന്നതിന് അനുമതിക്കായി വിഷയം കോഓർഡിനേഷൻ കമ്മറ്റിക്ക് നൽകാൻ തീരുമാനിച്ചു.

ഇതിന്മേൽ ഇന്നത്തെ യോഗം (10.02.2021) താഴെപ്പറയുന്ന തീരുമാനമെടുത്തു.

**തീരുമാനം:-** 1) പ്രവൃത്തിയുടെ ഇനിയുള്ള നിർമ്മാണം ടെണ്ടർ/അക്രഡിറ്റഡ് ഏജൻസിയിലൂടെയാണോ നടത്തേണ്ടതെന്ന് നഗരസഭ തീരുമാനിക്കേണ്ട വിഷയമാണ്. അതിനാൽ ഇതിന്മേൽ കോഓർഡിനേഷൻ കമ്മിറ്റി പ്രത്യേകം നിർദ്ദേശം നൽകുന്നില്ല. പ്രോജക്ട് നിർവഹണത്തിന് നിലവിലെ മാനദണ്ഡ പ്രകാരം മുനിസിപ്പാലിറ്റിക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

2) മുകളിൽ പറഞ്ഞ പ്രവൃത്തി നടത്തുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങളിലെ പാളിച്ച അടക്കമുള്ളവ ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിച്ച് വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുന്നതിന് നൽകണം. ഇതിന്റെ അടിസ്ഥാനത്തിൽ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്. വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന്റെ പേരിലും ഇതനുസരിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. ഇതുവരെ നടത്തിയ പ്രവൃത്തികളുടെ വാല്യുവേഷൻ തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എടുത്ത് ചീഫ് എഞ്ചിനീയർ മുഖേന തദ്ദേശസ്വയംഭരണ വകുപ്പിന് അനന്തര നടപടി കൾക്കായി നൽകണം.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) ധനവകുപ്പ്**

## 4.7 ഇടമലക്കുടി ഗ്രാമപഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.01.2021-ലെ കത്ത് (SRG 69/21 CC/24/2021)**

*പ്രോ.നം.25/21*

*അടങ്കൽ - 10,00,000/- രൂപ*
*(CFC Tied Grant - 7,50,000/- രൂപ*
*ഗുണഭോക്തൃവിഹിതം - 2,50,000/- രൂപ)*

***പേര് - പി.വി.സി. വാട്ടർ ടാങ്ക്***

വാട്ടർ ടാങ്ക് വിതരണത്തിനുള്ള ഈ പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതം 25% ഒഴിവാക്കി നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

## 4.8 കോട്ടയം ജില്ലാ പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.01.2021-ലെ കത്തും ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 1(10)ാം നമ്പർ തീരുമാനവും**

*പ്രോ.നം.355/21*

*അടങ്കൽ - 1,07,50,000/- രൂപ*
*(ഗ്രാമപഞ്ചായത്ത് വിഹിതം- 71,00,000/- രൂപ*
*ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 16,50,000/- രൂപ*

*നഗരസഭാ വിഹിതം - 15,00,000/- രൂപ*
*CFC basic Grant - 5,00,000/- രൂപ )*

***പേര് - ക്യാൻ കോട്ടയം ഫിറ്റ് കോട്ടയം***

കോട്ടയം ജില്ലയിലെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ജില്ലയിൽ സർവേ നടത്തി ക്യാൻസർ ലക്ഷണമുള്ളവരെ കണ്ടെത്തി സ്പെഷ്യാലിറ്റി ആശുപത്രികളിൽ ചികിത്സ നൽകാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. കൊവിഡിന്റെ പശ്ചാത്തലത്തിൽ സർവ്വേ നടത്തുന്നത് ബുദ്ധിമുട്ടാണ്. അതിനാൽ പ്രോജക്ട് ഭേദഗതി ചെയ്ത് പാലാ ജനറൽ ആശുപത്രിയിലേയ്ക്ക് ക്യാൻസർ ചികിത്സയ്ക്ക് റേഡിയേഷൻ നൽകാൻ ഉപയോഗിക്കുന്ന കൊബാൾട്ട് റേഡിയേഷൻ മെഷീൻ വാങ്ങാൻ ഉദ്ദേശിക്കുന്നു. ഇത് സ്ഥാപിക്കാനുള്ള ഭൗതിക സാഹചര്യവും റേഡിയേഷൻ ഓങ്കോളജിസ്റ്റിന്റെ തസ്തികയും ഡോക്ടറും ഇവിടെ ഉണ്ട്. പാല ജനറൽ ആശുപത്രി മുനിസിപ്പാലിറ്റിയുടെ കീഴിലാണ്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. കൂടാതെ ഫണ്ട് നൽകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് നേരിട്ടോ ഫണ്ട് മുഴുവൻ ജില്ലാ പഞ്ചായത്ത് കൈപ്പറ്റി തുക ഒരുമിച്ച് KMSCL - ന് ഡെപ്പോസിറ്റ് ചെയ്തോ KMSCL മുഖേന മെഷീൻ വാങ്ങാനും അനുമതി സംബന്ധിച്ച്

**തീരുമാനം:-**
1) മറ്റ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഗുണഭോക്താക്കൾ ജില്ലയിലെ എല്ലാവരും ആണ് എന്നതു കൂടി പരിഗണിച്ച് പ്രോജക്ട് നടപ്പാക്കാൻ പ്രത്യേകാനുമതി നൽകുന്നു.
2) മറ്റ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ജില്ലാ പഞ്ചായത്ത് സ്വരൂപിച്ച് തുക KMSCL-ന് ഡെപ്പോസിറ്റ് ചെയ്ത് KMSCL മുഖേന മെഷീൻ വാങ്ങാനും സ്ഥാപിക്കാനും അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.9 ബൈസൺവാലി ഗ്രാമപഞ്ചായത്ത്**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.01.2021-ലെ കത്തും ബൈസൺ വാലി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13.01.2021-ലെ 1(4)-ാം നമ്പർ തീരുമാനവും (SRG 57/21 -CC/18/21)**

*പ്രോ.നം.103/21* *അടങ്കൽ - 90,000/- രൂപ*
*(വികസനഫണ്ട് - ജനറൽ)*

***പേര് - പഞ്ചായത്ത് ഓഫീസിന് ടു വീലർ വാങ്ങൽ***

പഞ്ചായത്ത് ഓഫീസിന്റെ ആവശ്യത്തിനായി ഒരു ടു വീലർ വാങ്ങാനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം:-** വനിതകൾക്കു കൂടി ഉപയോഗിക്കാൻ സൗകര്യമുള്ള ഗിയർ ഇല്ലാത്ത സ്കൂട്ടർ വാങ്ങണമെന്ന നിബന്ധനയോടെ പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

### 4.10 നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.01.2021-ലെ കത്തും അനുബന്ധ രേഖകളും (SRG 70 /21 -CC/1052/20)**

പഞ്ചായത്തിലെ പ്രധാന തെരുവുകളും ജംഗ്ഷനുകളും വൃത്തിയാക്കുന്നതിന് സർക്കാർ അനുമതിയോടെ മൂന്ന് കുടുംബശ്രീ പ്രവർത്തകരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. 2019 സെപ്റ്റംബറിൽ സർക്കാർ അനുമതിയുടെ കാലാവധി കഴിഞ്ഞു. ഇവരുടെ കാലാവധി ദീർഘിപ്പിക്കാൻ 14.01.2020-ൽ ഭരണസമിതി തീരുമാനമെടുത്തു. എന്നാൽ കൃത്യമായി സർക്കാർ അനുമതിക്കായി സമർപ്പിച്ചില്ല. മുൻകാല പ്രാബല്യത്തോടെ (2019 സെപ്റ്റംബർ മുതൽ) നിയമന കാലാവധി പുതുക്കി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** വകുപ്പുതലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിക്കുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

### 4.11 ഞീഴൂർ ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.01.2021-ലെ കത്തും ഞീഴൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.03.2020 -ലെ 9(2) -ാം നമ്പർ തീരുമാനവും (SRG 68 /21 - CC/799/20)**

*പ്രോ.നം. 224/21* *അടങ്കൽ - 29,60,000/- രൂപ*

*(വികസനഫണ്ട് CFC Tied Grant - 24,60,000/- രൂപ)*

*ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 5,00,000/- രൂപ)*

*പേര് - ശ്മശാന നവീകരണം (ആധുനിക ക്രിമിറ്റോറിയം)*

2017-18 ൽ ആധുനിക ക്രിമിറ്റോറിയം നിർമ്മിക്കുന്നതിന് (ധനകാര്യ കമ്മീഷൻ ഗ്രാന്റ് 15.00 ലക്ഷം രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം 10 ലക്ഷം രൂപ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 5.00 ലക്ഷം രൂപ) പ്രോജക്റ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ ക്രിമിറ്റോറിയത്തിന് ജില്ലാ കളക്ടറുടെ NOC ലഭിച്ചില്ല. 2018-19-ൽ ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്നുവെങ്കിലും NOC ലഭിക്കാത്തതിനാൽ ഉപേക്ഷിച്ചു. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് 5.00 ലക്ഷം രൂപ ഈ കാലഘട്ടത്തിൽ ഗ്രാമപഞ്ചായത്തിന് കൈമാറിയിരുന്നു. ഇത് സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ ഉണ്ട്.

2019-20 ൽ NOC ലഭ്യമായതിനെ തുടർന്ന് പ്രോജക്റ്റ് വീണ്ടും തയ്യാറാക്കി. ടെണ്ടർ നടപടി പൂർത്തിയാക്കി. ജില്ലാ പഞ്ചായത്ത് വിഹിതം ഒഴിവാക്കിയാണ് പുതിയ പ്രോജക്റ്റിന്റെ അടങ്കൽ നിശ്ചയിച്ചിരിക്കുന്നത്. സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ കിടക്കുന്ന ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൂടി ഉപയോഗിച്ച് പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം:-** അനുമതി നൽകുന്നു.. എന്നാൽ സ്പെഷ്യൽ റ്റി.എസ്.ബിയിലെ തുക മാറാൻ തടസ്സമുണ്ടെങ്കിൽ ക്ലിയറൻസിനായി ധന വകുപ്പിന് നേരിട്ടു നൽകേണ്ടതാണ്.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

**4.12 തൃശ്ശൂർ കോർപ്പറേഷൻ**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.11.2020-ലെ 80550/2020/DPO/TSR നമ്പർ കത്തും (SRG 930 /20 )**

***പ്രോ.നം. 1147/21 അടങ്കൽ - 1.00 കോടി/- രൂപ***
***(വികസനഫണ്ട് ധനകാര്യ കമ്മീഷൻ ഗ്രാന്റ്)***
***പേര് - Take a Break Rest House and Toilet Block at Ayyanthol Collectorate***

തൃശ്ശൂർ കോർപ്പറേഷന് അവരുടെ ഭൂപ്രദേശത്തിനു പുറത്തുള്ള നഗര സഞ്ചയ പ്രദേശങ്ങളിൽ വിനിയോഗിക്കാൻ 29.4736 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്ന് 1.00 കോടി രൂപ വകയിരുത്തി അയ്യന്തോൾ കളക്ടറേറ്റ് കോമ്പൗണ്ടിനകത്ത് ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ജില്ലാ പഞ്ചായത്താണ് നിർവഹണ ഏജൻസി. ഈ നിർമ്മാണം കോർപ്പറേഷൻ പ്രദേശത്തുള്ള കളക്ടറേറ്റായിതിനാലും നിർമ്മാണ ഏജൻസി ജില്ലാ പഞ്ചായത്തായതിനാലും കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** ജില്ലയിലെ മൊത്തം പൊതുജനങ്ങൾക്ക് പ്രയോജന പ്പെടുന്നതാണ് എന്നതു കൂടി പരിഗണിച്ച് അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.13 പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.11.2020-ലെ കത്തും പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.08.2020-ലെ 21(1)-ാം നമ്പർ തീരുമാനവും (SRG 893 /20 - CC/971/20 )**

***പ്രോ.നം. 132 /21 അടങ്കൽ - 63,317/- (തനത് ഫണ്ട്)***
***പേര് - 21-ാം വാർഡിലെ അംഗൻവാടി നിർമ്മാണത്തിന് അധിക തുക നൽകൽ***

2014-15-ൽ 10.00 ലക്ഷം രൂപ അടങ്കലിൽ (ലോക ബാങ്ക് വിഹിതം 6.00 ലക്ഷം രൂപ, കേന്ദ്രാവിഷ്കൃത വിഹിതം 4.00 ലക്ഷം രൂപ) പകൽ വീട് - അംഗനവാടി കെട്ടിട നിർമ്മാണത്തിന് പ്രോജക്ട് തയ്യാറാക്കിയിരുന്നു. കൺവീനർ പ്രവൃത്തി പൂർത്തീകരിച്ചില്ല. നടത്തിയ നിർമ്മാണത്തിന്റെ ബിൽ തുക 5,49,284/- രൂപയാണ്. ഇതിൽ 4,49,875/- രൂപ കൺവീനർക്ക് 2016-17-ൽ നൽകി. പിടിച്ചു വച്ച റിട്ടൻഷൻ തുക 53,944/- രൂപയും ബിൽ പ്രകാരമുള്ള ബാക്കി തുകയും ചേർത്ത് 63,317/- രൂപ നൽകാൻ ഈ വർഷം പ്രോജക്ട് തയ്യാറാക്കിയിരുന്നു. ഈ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** പണി പൂർത്തിയാക്കാതെ റിടെൻഷൻ തുക നൽകുന്നതിന്റെ കാരണങ്ങൾ അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

**4.14 എലപ്പുള്ളി ഗ്രാമപഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.10.2020-ലെ കത്തും എലപ്പുള്ളി ഗ്രാമപഞ്ചാത്ത് ഭരണസമിതിയുടെ 19.10.2020-ലെ 2(2)-ാം നമ്പർ തീരുമാനവും ((SRG 892 /20 - CC/991/20 )**

***(i) പ്രോ.നം.269/21 തുക 4,00,000/- രൂപ (CFC- untied)***

***പേര് - ഐശ്വര്യ നഗർ റോഡ് - വാർഡ് 1***

***(ii) പ്രോ.നം.281/21 തുക 1,00,000/- രൂപ (CFC- untied)***

***പേര് - താണിപ്പള്ളം റോഡ് കോൺക്രീറ്റ് - വാർഡ് 11***

ഈ പ്രവൃത്തികൾ അതിവർഷ സാഹചര്യത്തിൽ എസ്റ്റിമേറ്റ്, ജില്ലാ ആസൂത്രണസമിതി അംഗീകാരം, ടെണ്ടർ നടപടി എന്നിവ കൂടാതെ ചെയ്തു. പിന്നീട് എസ്റ്റിമേറ്റ് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടി. അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലം മാറിയതിനാൽ മെഷർമെന്റ് എടുത്ത് ബിൽ തയ്യാറാക്കിയിരുന്നില്ല. ഈ പ്രവൃത്തികൾക്ക് ചെലവായ തുക കരാറുകാരന് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

**4.15 കാറളം ഗ്രാമപഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.10.2020-ലെ കത്തും അനുബന്ധ രേഖകളും (SRG 890 /20 - CC/713/20 )**

***പ്രോ.നം. 155 /21 അടങ്കൽ -9,11,825/-***
***(CFC - Basic Grant - 5,00,000/- രൂപ***
***ജില്ലാ പഞ്ചായത്ത് വിഹിതം - 4,11,825/-)***

***പേര് - സ്ട്രീറ്റ് ലൈൻ വലിക്കൽ***

സ്ട്രീറ്റ് ലൈൻ വലിക്കാനുള്ള 10.00 ലക്ഷം രൂപയുടെ പ്രോജക്ട് 2019-20-ൽ ഉൾപ്പെടുത്തിയിരുന്നു. ഇതിന്റെ ബിൽ കഴിഞ്ഞ വർഷം ക്യൂബിൽ ഗണത്തിൽ ഉൾപ്പെട്ടു. KSEB എസ്റ്റിമേറ്റ് പ്രകാരം അടയ്ക്കേണ്ട ആകെ തുക 11,67,471/- രൂപയാണ്. മുമ്പ് അടച്ച തുക കൂടി ചേർത്ത് ആകെ 9,88,175/- രൂപ KSEBയിൽ അടച്ചു. എന്നാൽ

ജി.എസ്.റ്റിയും പ്രളയ സെസ്സും അടക്കം 1,79,296/- രൂപ കൂടി (യഥാക്രമം 1,77,871 + 1425) അടയ്ക്കണമെന്ന് കെ.എസ്.ഇ.ബി. ആവശ്യപ്പെട്ടിരിക്കുകയാണ്. GST തുക കൂടി അടയ്ക്കാതെ തുടർ നടപടി സ്വീകരിക്കുകയില്ലെന്ന് കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

ചരക്കു സേവന നികുതി വകുപ്പ് ജോയിന്റ് കമ്മീഷണറുടെ 06.03.2019-ലെ കത്ത് അനുസരിച്ച് ഭരണഘടനയുടെ 243G വകുപ്പ് പ്രകാരം പഞ്ചായത്തുകളെ ചുമതലപ്പെട്ടുത്തിയിരിക്കുന്ന ഗ്രാമീണ മേഖലയിലെ വൈദ്യുതവൽക്കരണം, വൈദ്യുതി വിതരണം തുടങ്ങിയ സേവനങ്ങളെ നികുതി മുക്തമാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. എന്നാൽ സ്ട്രീറ്റ് ലൈൻ വലിക്കുന്ന പ്രവൃത്തി ഗ്രാമീണ മേഖലയിലെ വൈദ്യുത വൽക്കരണം, വൈദ്യുതി വിതരണം എന്നിവയിൽ ഉൾപ്പെടുന്ന പ്രവൃത്തി അല്ല എന്ന് കെ.എസ്.ഇ.ബി. ഇരിങ്ങാലക്കുട ഇലക്ട്രിക്കൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ 25.06.2020-ലെ കത്ത് മുഖേന ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.
ഈ സാഹചര്യത്തിൽ തെരുവുവിളക്ക് പരിപാലനത്തിന് GST അടവാക്കേണ്ടതാണോ എന്ന് വ്യക്തത വരുത്തണമെന്നതു സംബന്ധിച്ച്

**തീരുമാനം**:- സ്ട്രീറ്റ് ലൈൻ വലിക്കുന്ന പ്രവൃത്തി ഗ്രാമീണ മേഖലയിലെ വൈദ്യുതിവൽക്കരണം വൈദ്യുതി വിതരണം എന്ന ഗണത്തിൽപ്പെടില്ല എന്ന് യോഗത്തിൽ ഹാജരായിരുന്ന KSEB ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അറിയിച്ചു. ഈ സാഹചര്യത്തിൽ GST നൽകണമെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**4.16 മാറഞ്ചേരി ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.01.2021 -ലെ കത്ത് (SRG 21 /20 - CC/1019/20 )**

***പ്രോ.നം. 112 /21***

***അടങ്കൽ - 10,00,000/-രൂപ***
***(വികസനഫണ്ട് - ജനറൽ 2,00,000/- രൂപ***
***തനത് ഫണ്ട് - 3,00,000/- രൂപ***
***ഗുണഭോക്തൃ വിഹിതം - 500,000/- രൂപ )***

***പേര് - ആട് പ്രജനന യൂണിറ്റ്***

ആട് പ്രജനന യൂണിറ്റിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മാർഗ്ഗരേഖ പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗര സഭകൾക്കുമാണ് ഈ പ്രോജക്ട് ഏറ്റെടുക്കാവുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്. യൂത്ത് ക്ലബ്ബുകൾക്കും, പ്രവാസി കൂട്ടായ്മകൾക്കും, കുടുംബശ്രീ യൂണിറ്റുകൾക്കും വേണ്ടിയാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്.

**തീരുമാനം**:- അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

### 4.17 തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.01.2021 -ലെ കത്ത് (SRG 25 /20 - CC/981/20 )**

*പ്രോ.നം. 514 /21* *അടങ്കൽ -2,66,800/-രൂപ (വികസനഫണ്ട് -ജനറൽ)*

*പേര് - വയബിലിറ്റി ഗ്യാപ് ഫണ്ട്*

ഈ വർഷം ഹരിത കർമ്മസേനാംഗങ്ങൾക്കുള്ള പ്രവർത്തന ചെലവായി 2,66,800/- രൂപ VGF ഇനത്തിൽ വകയിരുത്തിയിരുന്നു. യൂസർഫീ പ്രതീക്ഷിച്ചതിലും കുറവായിരുന്നതിനാൽ 6 മാസത്തേക്കു വകയിരുത്തിയിരുന്ന തുക 4 മാസമായപ്പോഴേക്കും പൂർണ്ണമായും ചെലവായി. ഈ സാഹചര്യത്തിൽ 6 മാസത്തേക്കുകൂടി വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നിരസിച്ചു

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

### 4.18 കൊടുവായൂർ ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.01.21 ലെ കത്തും കൊടുവായൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 04.11.20 ലെ 24/3-ാം നമ്പർ തീരുമാനവും**

കൊടുവായൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആലുംചേരിക്കുളം 2017-18 മുതൽ 2020-21 വരെ മത്സ്യകൃഷി നടത്തുന്നതിന് 65,500/- രൂപയ്ക്ക് ശ്രീ. കുട്ടൻ മണിമാർ കുളമ്പ് എന്ന ആൾ ലേലത്തിനെടുത്തിരുന്നു. ലേലതുകയുടെ ആദ്യ ഗഡുവായി 23,000/- രൂപ പഞ്ചായത്തിലേക്കടച്ചു. 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ കുളത്തിന്റെ വരമ്പ് പൊട്ടിപോയതിനാൽ മത്സ്യങ്ങൾ മുഴുവൻ നഷ്ടപ്പെട്ടു. ഇനി അടയ്ക്കാനുള്ള 42,500/- രൂപയിൽ പരമാവധി തുക ഇളവനുവദിച്ചു നൽകണമെന്നതു സംബന്ധിച്ച്

.

**തീരുമാനം:-** വകുപ്പുതലത്തിൽ നടപടിയെടുക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

### 4.19 കർഷകസേവന കേന്ദ്രം

**ബഹു തിരുവമ്പാടി എം.എൽ.എ യുടെ 27.01.21 ലെ കത്ത്** (SRG/**72/**21)

ബ്ലോക്കടിസ്ഥാനത്തിൽ സഹകരണ ബാങ്കുകളുടെ നേതൃത്വത്തിൽ കർഷക സേവന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ കേന്ദ്രങ്ങളിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൃഷി പ്രോജക്ടുകൾക്കാവശ്യമായ നടീൽ വസ്തുക്കൾ, വിത്ത്, വളം മുതലായവ നേരിട്ടു വാങ്ങുന്നതിന് (ടെണ്ടർ കൂടാതെ) അനുമതി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം:-** ഇതിന്റെ ഗുണനിലവാരം കൃഷി അസിസ്റ്റന്റ് ഡയറക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധന യോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.20 കപ്പൂർ ഗ്രാമപഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.01.21 ലെ കത്തും കപ്പൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.10.20 ലെ 5(3)-ാം നമ്പർ തീരുമാനവും** (SRG 28/21-CC/1022/20)

ലൈഫ് മിഷൻ പദ്ധതിക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ സമയത്ത് പഞ്ചായത്തിലെ 18-ാം വാർഡിലെ വിപിൻ S/o രവീന്ദ്രൻ, വരമ്പനത്ത് എന്ന ആൾക്ക് സ്വന്തമായി വീടും സ്ഥലവും ഉണ്ടായിരുന്നു. പിന്നീട് ഇദ്ദേഹം രോഗബാധിതനാവുകയും വൃക്ക മാറ്റി വയ്ക്കലിന് വിധേയമാവുകയും ചെയ്തു. ചികിത്സക്കായി വീടും സ്ഥലവും വിൽക്കേണ്ടിവന്നു. സ്വന്തമായി സ്ഥലമുള്ള ഇയാളെ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി വീടു നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.21 തിരുവില്വാമല ഗ്രാമപഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.01.2021-ലെ കത്തും തിരുവില്വാമല ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.09.2020-ലെ 25(1)-ാം നമ്പർ തീരുമാനവും** (SRG **32**/21-CC/**954**/20)

***പ്രോ.നം. 94/2017*** ***അടങ്കൽ4,94,164/- രൂപ***

***(വികസനഫണ്ട്- KLGSDP ഗ്രാന്റ്)***

***പേര്:- വാർഡ് 5, കണ്ണംകുണ്ട് കോളനി റോഡ്***

2016-17-ൽ ലോക ബാങ്ക് ഫണ്ട് ഉൾപ്പെടുത്തി കണ്ണംകുണ്ട് കോളനി റോഡ് ടാറിംഗിനായി പ്രോജക്ട് എടുത്തിരുന്നു. 22.03.2017-ന് ടാറിംഗ് പൂർത്തിയാക്കിയെങ്കിലും പണി നടത്തിയ സ്ഥലത്ത് ചില അപാകതകൾ ഉള്ളതിനാൽ ഇത് പരിഹരിച്ച് പഞ്ചായത്തിൽ ബിൽ സമർപ്പിച്ചത് 31.03.2018-നാണ്. അതിനാൽ റിക്വിസിഷൻ നടത്തി ബിൽ ട്രഷറിയിൽ സമർപ്പിക്കാൻ കഴിഞ്ഞില്ല. ലോക ബാങ്ക് വിഹിതം ഇല്ലാത്തതിനാൽ പിന്നീട് സ്പിൽ ഓവറായി ഉൾപ്പെടുത്താനോ തുക നൽകാനോ കഴിഞ്ഞില്ല. ഈ വർഷം ഇതിന്റെ ബിൽ തുക നൽകാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം:-**

1) ബന്ധപ്പെട്ട എഞ്ചിനീയറുടേയും പഞ്ചായത്തിന്റെയും ഭാഗത്തുനിന്ന് കാലതാമസവും ശ്രദ്ധക്കുറവും ഉണ്ടായി എന്നു യോഗം നിരീക്ഷിച്ചു. എഞ്ചിനീയറോട് വിശദീകരണം ആരായാൻ നിർദ്ദേശിക്കുന്നു.
2) ഈ വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തി തുക നൽകാൻ അനുമതി നൽകുന്നു. ഇതിന് ആവശ്യമായ ക്രമീകരണം ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ ചെയ്യണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ**

**4.22 തിരുവില്വാമല ഗ്രാമപഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.01.2021-ലെ കത്ത്** (SRG **33**/21-CC/**964**/20)

***പ്രോ.നം. 176/2017*** — ***അടങ്കൽ - 2,00,000/- രൂപ (തനത് ഫണ്ട്)***

***പേര്:- വികസനരേഖ തയ്യാറാക്കൽ***

പഞ്ചായത്തിന്റെ വികസനരേഖ തയ്യാറാക്കാൻ (കഴിഞ്ഞ അഞ്ചുവർഷത്തെ നേട്ടങ്ങൾ) പ്രോജക്ട് തയ്യാറാക്കിയിരുന്നു. വികസനരേഖയുടെ 5,000 കോപ്പി പ്രിന്റ് ചെയ്തു. ഇതിന്റെ ചെലവ് 1,65,000/- രൂപയായി. സർക്കാർ ഉത്തരവ് പ്രകാരം ഇതിനായി ചെവഴിക്കാവുന്ന തുക 1.00 ലക്ഷം രൂപയാണ്. പ്രിന്റിംഗിന് ചെലവായ 1,65,000/- രൂപ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** വകുപ്പുതലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിക്കുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**4.23 ഓമല്ലൂർ ഗ്രാമപഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.01.2021-ലെ കത്തും ഓമല്ലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.10.20-ലെ 1(2)-ാം നമ്പർ തീരുമാനവും** (SRG **35**/21-CC/**1011**/20)

പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് ശ്രീമതി. സുമ, ചുട്ടേത്ത് വീട്ടിൽ എന്ന ആൾക്ക് കിണറിന് സംരക്ഷണഭിത്തി കെട്ടുന്നതിന് റാന്നി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ 19.09.2018-ലെ D-3038/18(1)-ാം നമ്പർ ഉത്തരവിലൂടെ 27,201/-രൂപ അനുവദിച്ചിരുന്നു. ഇതിൽ 13.02.2019 ന് 13,000/- രൂപ അഡ്വാൻസായി നൽകി. മാർച്ച് 31-നകം നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ ചെലവഴിക്കാത്ത തുക ലാപ്സായി. പിന്നീട് ഗുണഭോക്താവ് നിർമ്മാണം പൂർത്തിയാക്കി. ഗുണഭോക്താവിന് നൽകേണ്ട ബാക്കി തുക പഞ്ചായത്തിന്റെ റ്റി.എസ്.പി വിഹിതത്തിൽ നിന്ന് കണ്ടെത്താൻ കഴിയില്ല. ഈ സാഹചര്യത്തിൽ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പഞ്ചായത്തിന് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പെർഫോർമൻസ് ബെയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റായി നൽകിയ 19,923/- രൂപയിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം ബാലൻസ് തുക 14,201/- ആണ്.

**തീരുമാനം:-** തനത് ഫണ്ടിൽ നിന്ന് തുക നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**4.24 മലപ്പുറം ജില്ലാപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.01.2021-ലെ കത്തും കുറിപ്പും ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 28.07.2020-ലെ 1(4)-ാം നമ്പർ തീരുമാനവും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 18.08.2020-ലെ കത്തും.** (SRG **37**/21-CC/**963**/20)

*പ്രോ.നം. 1862/21* *അടങ്കൽ - 14,90,00,000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്- നഗരസഞ്ചയങ്ങൾക്ക് വകയിരുത്തിയ ഫണ്ട്, മുനിസിപ്പാലിറ്റിയിൽ നിന്നും ലഭിച്ചത്)*

***പേര്:- കിഴക്കുംപാടം വലിയ തോട് പുനരുദ്ധാരണ പദ്ധതി - ഒന്നാം ഘട്ടം(തിരൂരങ്ങാടി,വേങ്ങര, കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തുകൾ)***

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നഗരസഞ്ചയങ്ങൾക്കായി വകയിരുത്തിയ ഫണ്ട് ഉപയോഗിച്ച് കിഴക്കുംപാടം വലിയതോട് പുനരുദ്ധാരണ പ്രവൃത്തികൾ നടക്കുന്നുണ്ട്. ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും പ്രദേശം ഈ പദ്ധതിയിൽപ്പെടുന്നു. മലപ്പുറം മുനിസിപ്പാലിറ്റി ഈ പ്രോജക്ടിന്റെ നിർവഹണം ജില്ലാ പഞ്ചായത്തിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ജോലിഭാരം കൂടി കണക്കിലെടുത്ത് ഈ പ്രവൃത്തി മലപ്പുറം മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന ചെയ്യാനുദ്ദേശിക്കുന്നു. മൈനർ ഇറിഗേഷൻ മുഖേന ഈ പ്രവൃത്തി ചെയ്യാനും തുക മൈനർ ഇറിഗേഷന് ഡെപ്പോസിറ്റ് ചെയ്യാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** മൈനർ ഇറിഗേഷൻ വകുപ്പിന് തുക ഡെപ്പോസിറ്റ് ചെയ്ത് പ്രവൃത്തി ചെയ്യാനുള്ള അനുമതി നിരസിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തെ കൊണ്ട് പ്രവൃത്തി ചെയ്യിപ്പിക്കണം. ഇത് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പ്രത്യേകമായി മോണിട്ടർ ചെയ്യണം.

**നടപടി:-1) തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

**4.25 അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.01.2021-ലെ കത്തും അനുബന്ധ രേഖകളും**
(SRG 38/21-CC/578/21)

*(i) പ്രോ.നം. 80/21* *അടങ്കൽ - 10,00,000/- രൂപ*
*(CFC - Tied Fund)*

***പേര്:- നെല്ലിപ്പതി പൊതു ശ്മശാനം - ചുറ്റമതിൽ***

നെല്ലിപ്പതി പൊതു ശ്മശാനത്തിന് ചുറ്റമതിൽ നിർമ്മിക്കുന്നതിന് പ്രോജക്ട് ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ശ്മശാനങ്ങളുടെ സംരക്ഷണ ചുമതല ഗ്രാമപഞ്ചായത്തിന്റേതായതിനാൽ അനുവദനീയമല്ലെന്ന് ജില്ലാ പെർഫോർമൻസ് ഓഡിറ്റ് വിംഗ് അറിച്ചിട്ടുണ്ട്. അതിനാൽ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം:-** പട്ടികവർഗ്ഗ പ്രദേശമായതിനാൽ പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

(iii) IHRD കോളേജിന് സ്ഥലം വാങ്ങൽ

**തീരുമാനം:-** വിശദാംശങ്ങൾ ഇല്ലാത്തതിനാൽ കോഓർഡിനേഷൻ കമ്മിറ്റി പരിഗണിച്ചില്ല..

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.26 പുത്തൻചിറ ഗ്രാമപഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.01.2021-ലെ കത്തും പുത്തൻചിറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.09.2020-ലെ 1(8)-ാം നമ്പർ തീരുമാനവും** (SRG **39**/21-CC/**1039**/20)

***പ്രോ.നം. 281/21*** ***അടങ്കൽ - 75,000/- രൂപ (തനത് ഫണ്ട് )***

***പേര്:- ഫൈബർ ബോട്ട് വാങ്ങൽ***

2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ ഈ പ്രദേശത്ത് വെള്ളം കയറി. മുട്ടിക്കൽ പുലയർ തുരുത്തിൽ 3 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഇവരുടെ ആവശ്യത്തിന് മുമ്പ് കടത്തു സംവിധാനം ഉണ്ടായിരുന്നു. എന്നാൽ കുറെ വർഷങ്ങളായി ഇവിടെ കടത്തു വഞ്ചി ഇല്ല. കൂടാതെ വെള്ളത്താൽ ചുറ്റപ്പെട്ട അതിർത്തി സന്ദർശിക്കുന്നതിനും മറ്റും പഞ്ചായത്തിനും ഒരു ബോട്ടിന്റെ ആവശ്യമുണ്ട്.

പുലയർ തുരുത്തിൽ താമസിക്കുന്നവരുടേയും പഞ്ചായത്തിന്റേയും ആവശ്യത്തിനായുള്ള ഈ പ്രോജക്റ്റിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. പ്രത്യേകാനുമതി സംബന്ധിച്ച് .

**തീരുമാനം:-** പഞ്ചായത്ത് ഡയറക്ടർ ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും

**നടപടി:- 1) തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**

**4.27 ആനാട് ഗ്രാമപഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.01.2021-ലെ കത്ത്** (SRG **41**/21-CC/**1056**/20)

***പ്രോ.നം. 123/20*** ***അടങ്കൽ - 1,50,000- രൂപ (തനത് ഫണ്ട്)***

***പേര്:- സ്കൂളുകളിൽ വൈറ്റ് ബോർഡ് വാങ്ങി സ്ഥാപിക്കൽ***

സ്കൂളുകളിൽ വൈറ്റ് ബോർഡ് വാങ്ങി സ്ഥാപിക്കാനുള്ള പ്രോജക്റ്റ് 2019-20-ൽ ഉൾപ്പെടുത്തിയിരുന്നു. കഴിഞ്ഞ വർഷം ഈ പ്രോജക്റ്റ് പൂർത്തിയാക്കാൻ കഴിഞ്ഞില്ല. 2020 മാർച്ചിനുശേഷം ടെണ്ടർ ചെയ്ത് കരാറുകാരന് വർക്ക് ഓർഡർ നൽകുകയും

സാധനം സപ്ലൈ ചെയ്ത് ബിൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ 31.03.2020 ന ശേഷം ഈ പ്രോജക്ട് സ്പിൽ ഓവർ ആക്കുന്നതിന് പകരം നിർവ്വഹണ ഉദ്യോഗസ്ഥൻ സുലേഖയിൽ പൂർത്തീകരിച്ചു എന്ന് രേഖപ്പെടുത്തി. അതിനാൽ ബിൽ മാറാൻ കഴിയില്ല. ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്തി ബിൽ മാറാനുള്ള ക്രമീകരണം ചെയ്യണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** ആവശ്യമായ ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

**4.28 ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.01.2021-ലെ കത്തും ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 27.10.2020-ലെ 3(1)-ാം നമ്പർ തീരുമാനവും** (SRG **42**/21-CC/**708**/20)

*പ്രോ.നം. 69/21* *അടങ്കൽ - 3,00,000/- രൂപ*
*(വികസന ഫണ്ട് - ജനറൽ 2,00,000/- രൂപ*
*തനത് ഫണ്ട് - 1,00,.000/- രൂപ)*

***പേര്:- ഒല്ലൂക്കര ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്ററിന് പോളി ഹൗസ് നിർമ്മാണം***

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ 100 ച.മീറ്റർ വിസ്തൃതിയിൽ പോളി ഹൗസ് നിർമ്മിച്ച് കൃഷി വകുപ്പ് മുഖേന ഒല്ലൂക്കര ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്ററിന് പച്ചക്കറിതൈകളും മറ്റ് നടീൽ വസ്തുക്കളും ഉല്പാദിക്കാനാണ് പ്രോജക്ട്. മാർഗരേഖയിൽ ഇത് ഉൾപ്പെടുത്താത്തതിനാൽ പ്രത്യേകാനുമതി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.29 പെരുമണ്ണ ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.01.2021-ലെ കത്തും പെരുമണ്ണ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03.12.2020-ലെ** A2 - 2510/16-**ാം നമ്പർ കത്തും** (SRG **40/21** CC/**1043**/20)

*പ്രോ.നം. 211/21* *അടങ്കൽ - 10,00,000/- രൂപ*
*(ജില്ലാ പഞ്ചായത്ത് വിഹിതം)*

***പേര്:- ബഡ്സ് സ്കൂൾ ഒന്നാം നില നിർമ്മാണം***

ജില്ലാ പഞ്ചായത്തിന്റെ ധനസഹായത്തോടെ ബഡ്സ് സ്കൂളിന്റെ ഒന്നാം നില നിർമ്മാണം എന്ന പ്രോജക്ട് ഉണ്ടായിരുന്നു. ഇതിന്റെ ബിൽ ട്രഷറിയിൽ ഗ്രാമപഞ്ചായത്ത് സമർപ്പിച്ചുവെങ്കിലും കഴിഞ്ഞ വർഷാവസാനം (2020 മാർച്ച്) മാറിയില്ല. ഇത് ക്യൂ ബിൽ ഗണത്തിലേയ്ക്ക് മാറി. എന്നാൽ ജില്ലാ പഞ്ചായത്ത് വിഹിതമായ 10.00 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന്റെ സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് ഇതിനകം മാറ്റി (അക്കൗണ്ട് നം.799011400001788, സബ് ട്രഷറി പുതിയറ, കോഴിക്കോട്) ഇപ്പോൾ സ്പെഷ്യൽ റ്റി.എസ്.ബി.യിൽ നിന്ന് തുക മാറാൻ കഴിയുന്നില്ല. ഇതിനുള്ള ക്രമീകരണം ചെയ്യണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** ഇതിനാവശ്യമായ ക്രമീകരണം ചെയ്യണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ധനവകുപ്പുമായി നേരിട്ട് ബന്ധപ്പെടണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**
**2) ധനവകുപ്പ്**

**4.30 വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.01.2021-ലെ കത്തും** (SRG 36/**21** CC/**10**60/20)

*പ്രോ.നം. 95/21* *അടങ്കൽ - 3,00,000/- രൂപ*
*(തനത് ഫണ്ട് 2,00,000/-*
*CFC Basic Grant 1,00,000/- രൂപ)*

***പേര്:- പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും***

പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങാൻ പ്രോജക്ട് തയ്യാറാക്കിയിരുന്നു. CPRCS അല്ലെങ്കിൽ GEM മുഖേന വാങ്ങാനാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നത്. വെറ്റിംഗ് ഓഫീസർ CPRCS ൽ നിന്നും തന്നെ വാങ്ങണമെന്ന നിർദ്ദേശിച്ച പ്രകാരം പ്രോജക്ടിൽ അപ്രകാരം ഭേദഗതി വരുത്തി. ഇപ്പോൾ CPRCS പോർട്ടിലിൽ കമ്പ്യൂട്ടറും പ്രിന്ററും ലഭ്യമല്ല. ഈ സാഹചര്യത്തിൽ കമ്പ്യൂട്ടറും പ്രിന്ററും GEM വഴിവാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം:-** CPRCS - പോർട്ടലിൽ ഇവ ലഭ്യമല്ലാത്ത സാഹചര്യത്തിൽ GEM അല്ലെങ്കിൽ ഇ- ടെണ്ടർ മുഖേന വാങ്ങാൻ അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.31 കുഴിമണ്ണ ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.01.2021-ലെ കത്തും കുറിപ്പും കുഴിമണ്ണ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.12.2019-ലെ 6(1)-ാം നമ്പർ തീരുമാനവും പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ 06.11.2020-ലെ റിപ്പോർട്ടും മറ്റ് അനുബന്ധ രേഖകളും** (SRG **74/21** CC/**16/21**)

പഞ്ചായത്തിലെ അഞ്ചാം വാർഡിലെ കടുങ്ങല്ലൂർ GUPS ന്റെ സ്റ്റേജ്, ക്ലാസ് റൂം എന്നിവ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ സംരക്ഷണ ഭിത്തി 2018-ലെ പ്രളയത്തിൽ തകർന്നു. അടിയന്തിര സാഹചര്യത്തിൽ മറ്റ് അനുമതികളോ നടപടിക്രമങ്ങളോ കൂടാതെ ഇത് പുനർ നിർമ്മിച്ചു. ഇതിന്റെ തുക നൽകിയിട്ടില്ല. പഞ്ചായത്ത് എഞ്ചിനീയറുടെ വാല്യവേഷന്റെ അടിസ്ഥാനത്തിൽ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ വാല്യവേഷൻ തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. വാല്യവേഷൻ തുക 1,98,491/- രൂപ.

**തീരുമാനം:-** അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.32 ആർട്ടിസാൻസ് ഡെവലപ്മെന്റ് കോഓപ്പറേറ്റീവ് ലിമിറ്റഡ്**

**ആർട്ടിസാൻസ് ഡെവലപ്മെന്റ് കോഓപ്പറേറ്റീവ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ കത്ത്** (SRG **78/21** )

ആർട്ടിസാൻസ് ഡെവലപ്മെന്റ് കോഓപ്പറേറ്റീവ് ലിമിറ്റഡ് (ARTCO) ഇന്റീരിയർ പ്രവൃത്തികളുടെ അക്രഡിറ്റഡ് ഏജൻസിയാണ്. 2019-20-ൽ ഏകദേശം 83.00 കോടി രൂപയുടെ പ്രവൃത്തി ചെയ്തിട്ടുണ്ട്. ഈ വർഷം 150 കോടി രൂപയുടെ പ്രവൃത്തികളാണ് ലക്ഷ്യമിടുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സ്മാർട്ട് അംഗനവാടികളുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നോഡൽ ഏജൻസിയായി **ARTCO** -യെ അംഗീകരിച്ച് ഉത്തരവാകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** ഇന്റീരിയർ പ്രവൃത്തികൾക്ക് ധനവകുപ്പ് അംഗീകരിച്ച അക്രഡിറ്റഡ് ഏജൻസിയാണ് ARTCO. അംഗനവാടി കളുടെ ഇന്റീരിയർ വർക്കുകൾ ARTCO യെ ടെണ്ടർ കൂടാതെ ഏൽപ്പിക്കാവുന്നതാണ്. നോഡൽ ഏജൻസി ആക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കുന്നില്ല.

**നടപടി:- തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

**4.33 മടിക്കൈ ഗ്രാമപഞ്ചായത്ത്**

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.01.2021-ലെ** CC/**7/2021-ാം നമ്പർ കത്തും മടിക്കൈ ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 06.01.2021-ലെ** S.C.1-6230/21-ാം **നമ്പർ കത്തും** (SRG **77/21** - CC /7/2021)

***പ്രോ.നം.*** *222/21* ***അടങ്കൽ -*** *42,98,000/-* ***രൂപ*** *(CFC Tied Grant)*

***പേര്:- ജല ജീവൻ മിഷന് ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറൽ***

നിലവിലെ സർക്കാർ നിർദ്ദേശ പ്രകാരം ജലജീവൻ മിഷന്റെ ഗ്രാമപഞ്ചായത്ത് വിഹിതം അടയ്ക്കാൻ ധനകാര്യ കമ്മീഷൻ **Tied Grant** ഉപയോഗിക്കാവുന്നതല്ല. തനത് ഫണ്ട് കുറവായതിനാൽ **CFC Tied Grant** ഉപയോഗിക്കാൻ അനുമതി നൽണമെന്നതു സംബന്ധിച്ച് .

**തീരുമാനം:-** CFC Tied Grant ഉപയോഗിക്കാവുന്നതല്ല എന്ന് സർക്കാർ വ്യക്തത വരുത്തിയതാണ്. അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.34 കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ**

**കേരള ജന്റർ റിസോഴ്സ് കൗൺസിലർ സംയുക്ത സമിതിക്കുവേണ്ടി ശ്രീമതി ലക്ഷ്മീ ശാന്തൻ.ജെ, ശ്രീമതി. ശ്രീലക്ഷ്മി എന്നിവരുടെ 18.01.2021-ലെ കത്ത്** (SRG **53/21** )

കമ്മ്യൂണിറ്റി വുമൺ ഫസിലിറ്റേറ്റർ/ജാഗ്രതാ സമിതി വുമൺ കൗൺസിലർമാരെ പല തദ്ദേശഭരണ സ്ഥാപനങ്ങളും നിയമിച്ചിട്ടുണ്ട്. സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ടും

സ്ത്രീ സാമൂഹ്യ പദവി ഉയർത്തുന്നതിന് സഹായകവുമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയുമാണ് പ്രധാന ചുമതല. ആസൂത്രണ മാർഗ്ഗരേഖ പ്രകാരം ഇവരുടെ യോഗ്യത **MSW** അല്ലെങ്കിൽ അതിന് തുല്യമായ വിമൻസ് സ്റ്റഡീസ്, സൈക്കോളജി, സോഷ്യോളജി എന്നീ വിഷയങ്ങളിൽ ബിരുദനാനന്തര ബിരുദ യോഗ്യത ഉള്ളവരോ ആകണം.(റഗുലർ ബാച്ചിൽ പഠിച്ചവർ) ഇവർക്ക് നിശ്ചയിച്ചിരിക്കുന്ന പ്രതിമാസ വേതനം പരമാവധി 15,000/- രൂപയാണ്. ഇത് വർദ്ധിപ്പിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** 1) 2018-ലെ മാർഗ്ഗരേഖയിലാണ് ഈ നിരക്ക് നിശ്ചയിച്ചിരിക്കുന്നത്.

2) എത്ര തദ്ദേശഭരണസ്ഥാപനങ്ങളിൽ ഇങ്ങനെ കൗൺസിലർമാർ പ്രവർത്തിക്കുന്നുണ്ട് എന്നതു സംബന്ധിച്ച് പഞ്ചായത്ത്/നഗരകാര്യ ഡയറക്ടർമാർ പരിശോധിച്ച് റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും..

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**2) നഗരകാര്യ ഡയറക്ടർ**

**4.35 പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.01.2021-ലെ കത്തും പെരിന്തൽമണ്ണ മുനിപ്പൽ സെക്രട്ടറിയുടെ 15.01.2021-ലെ** E3-675/14-**ാം നമ്പർ കത്തും.** (SRG **76/21** -CC-26/2021)

കേരള വാട്ടർ അതോറിറ്റിക്ക് 31.12.2020 വരെ കുടിവെള്ള ചാർജ്ജ് ഇനത്തിൽ 1,75,22,054 രൂപ നഗരസഭ നൽകാനുണ്ട്. വിവിധ ഗ്രാന്റുകളിൽ സർക്കാർ കുറവു ചെയ്തതും നഗരസഭ നേരിട്ടടച്ചതുമായ തുക 1,29,79,212/- രൂപയാണ്. കൂടാതെ റോഡ് റീസ്റ്റോറേഷൻ ചാർജ്ജായി 1,25,16,702/- രൂപ കേരള വാട്ടർ അതോറിട്ടി നഗരസഭയ്ക്ക് അടയ്ക്കാനുണ്ട്. ആകെ 2,54,95,824/- രൂപ. ( ഇതിന്റെ കൂടെ പലിശയും വരും) ഇതനുസരിച്ച് വാട്ടർ അതോറിട്ടി നഗരസഭയ്ക്ക് 79,73,770/- രൂപ തിരികെ അടയ്ക്കണം.

ഈ സാഹചര്യത്തിൽ കേരള വാട്ടർ അതോറിറ്റിയ്ക്കുള്ള കുടിവെള്ള ചാർജ്ജിന്റെ കുടിശ്ശികയിനത്തിൽ ഇനിയും ധനവകുപ്പിൽ നിന്ന് തുക കുറവ് ചെയ്യരുതെന്നും കേരള വാട്ടർ അതോറിട്ടി തിരികെ നൽകാനുള്ള 79,73,770/- രൂപ പലിശ സഹിതം തിരികെ നൽകാൻ നിർദ്ദേശം നൽകണമെന്നതും സംബന്ധിച്ച്.

കൂടാതെ കുടിവെള്ള ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സംയുക്ത പരിശോധനയ്ക്കായി പല പ്രാവശ്യം കത്ത് നൽകിയിട്ടും കേരള വാട്ടർ അതോറിട്ടി സഹകരിക്കുന്നില്ല എന്നതിന്മേൽ നിർദ്ദേശം നൽകണമെന്നതും സംബന്ധിച്ച്.

**തീരുമാനം:-** ഇതിന്മേൽ യോഗത്തിൽ ഹാജരായിരുന്ന കേരള വാട്ടർ അതോറിട്ടി മാനേജിംഗ് ഡയറക്ടറുടെ അഭിപ്രായമാരാഞ്ഞു. ഈ പ്രശ്നം പരിഹരിക്കാൻ അടിയന്തിര നിർദ്ദേശം താഴെ തലത്തിലേയ്ക്ക് നൽകാമെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചു. സംയുക്ത പരിശോധനയ്ക്കും എം.ഡി. നടപടി സ്വീകരിക്കും. കണക്കുപ്രകാരം കേരള വാട്ടർ അതോറിട്ടിക്ക്

ഇനി കുടിശ്ശിക അടയ്ക്കേണ്ടതില്ലാത്തതിനാൽ തൽക്കാലം കുടിവെള്ള ചാർജ്ജിന്റെ കുടിശ്ശിക ഫണ്ടിൽ നിന്നും കുറവു ചെയ്യരുതെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. ഈ വിഷയം ധന വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്താൻ മുനിസിപ്പൽ സെക്രട്ടറിയോട് നിർദ്ദേശിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2)ധനവകുപ്പ്**
**3) മേനേജിംഗ് ഡയറക്ടർ, കെ.ഡബ്ല്യു.എ**

**4.36 തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.01.2021-ലെ കത്തും പരിശോധനാ റിപ്പോർട്ടും തൃപ്പൂണിത്തുറ മുനിസിപ്പൽ സെക്രട്ടറിയുടെ** PW 3-537/21 -ാം **നമ്പർ കത്തും**
(SRG **55/21** - CC /**15**/2021)

***പ്രോ.നം. 537/21*** — ***അടങ്കൽ - 4,95,000/- രൂപ (വികസനഫണ്ട് - ജനറൽ)***

***പേര്:- ഡയാലിസിസ് രോഗികൾക്ക് ധനസഹായം***

ഡയാലിസിസ് രോഗികൾക്ക് ധനസഹായം നൽകുന്നതിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഒരു ഡയാലിസിസിന് 900/- രൂപയോ, ബിൽ തുകയോ ഏതാണോ കുറവ് അതു ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് നേരിട്ടു നൽകാനാണ് പ്രോജക്ട്. 3 ഗുണഭോക്താക്കൾക്കായി 36,000/- രൂപ നൽകി. ഇനി മൂന്ന് ഗുണഭോക്താവിന് 92,000/- രൂപയും ഇതേ നിരക്കിൽ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** **1)** കിഡ്നി രോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്നത് മാർഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതിനായി പ്രോജക്ട് തയ്യാറാക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ യാണ് സഹായം നൽകുന്നത്. തൃപ്പൂണിത്തുറ നഗരസഭ ഇതിന് അനുമതി വാങ്ങിയിട്ടില്ല എന്ന് യോഗം വിലയിരുത്തി.

ഡയാലിസിസിന് നിശ്ചയിച്ചിരിക്കുന്ന നിരക്ക് പ്രതിമാസം 4000/- രൂപയാണ്. ഇത് ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് നൽകരുതെന്നും ബന്ധപ്പെട്ട ആശുപത്രിയിലേയ്ക്ക് തന്നെ നൽകണമെന്നും സർക്കാർ പല പ്രാവശ്യം നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇത് നഗരസഭ പാലിക്കണം. ഈ നിരക്കിൽ പരിമിതപ്പെടുത്തി ബന്ധപ്പെട്ട ആശുപത്രി മുഖേന മാത്രമെ ഇനി ധനസഹായം നൽകാവൂ എന്നു നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

### 4.37 എഴുമറ്റൂർ ഗ്രാമപഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.10.2020ലെ കത്തും എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.09.2020-ലെ 1(3) -ാം നമ്പർ തീരുമാനവും 12.08.2020-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനവും (ഖണ്ഡിക 2.4(4.4)** ( SRG - **882/20** - CC /**941**/2020)

2018 ഓഗസ്റ്റിലെ മഹാ പ്രളയത്തിൽ താഴെപ്പറയുന്ന രണ്ടുപേരുടെ വീടുകൾ തകർന്നു പോയി.

**(1)** ശ്രീ. ഷിബു.കെ.സി, കരിക്കാട്ടിൽ, വാർഡ് 7

**(2)** ശ്രീമതി. ജോളി വർഗ്ഗീസ്, കോന്നാട്ടു പ്ലാക്കൽ - വാർഡ് - 8

ഇവർക്ക് ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി വീട് നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഇത് 12.08.20-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിച്ചു. പ്രളയത്തിൽ തകർന്നതാകയാൽ **SDRF** -ൽ നിന്ന് ധനസഹായം ലഭിക്കാൻ നടപടി സ്വീകരിക്കാൻ കോർഡിനേഷൻ കമ്മറ്റി നിർദ്ദേശിക്കുകയായിരുന്നു. വീട് തകർന്നത് പരിഗണിച്ച് താലൂക്കിൽ നിന്ന് ഇവർക്ക് 95,100/- രൂപ വീതം അനുവദിച്ചിരുന്നുവെങ്കിലും തുക അപര്യാപ്ത മായതിനാൽ ഈ സഹായം കുടുംബം കൈപ്പറ്റിയില്ല. പ്രളയസമയത്ത് മേൽക്കൂരയും ഭിത്തിയും തകർന്നുവെന്നും വീട് കുന്നിൻ പ്രദേശത്തായിരുന്നുവെന്നും ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. വീണ്ടും ആവശ്യം പരിഗണിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** **SDRF** -ൽ നിന്ന് ലഭിക്കുന്ന തുക എത്രയാണോ അത് ഗുണഭോക്താവിന് വാങ്ങാവുന്നതാണ്. വീട് നിർമ്മാണത്തിന് അനുവദിക്കാവുന്ന പരമാവധി തുകയായ 4.00 ലക്ഷം രൂപയിൽ നിന്ന് **SDRF**-ൽ നിന്നും ലഭിക്കുന്ന തുക കുറവ് ചെയ്ത് ബാക്കി തുക നൽകാൻ അനുമതി നൽകുന്നു. ഈ നിബന്ധനയോടെ ഇവരെ ലൈഫ് ഗുണഭോക്താവായി കണക്കാക്കി ധനസഹായം നൽകാവുന്നതാണ്. പുതിയ ലിസ്റ്റിൽ ഇവരെ ഉൾപ്പെടുത്തേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

### 4.38 കാസർഗോഡ് ജില്ലാ പഞ്ചായത്ത്

**കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 01.02.2021-ലെ** B1-2393/20-ാം **നമ്പർ കത്തും ജില്ലാ പഞ്ചായത്തിന്റെ 27.01.21-ലെ 2(2)21-ാം നമ്പർ ഭരണസമിതി തീരുമാനവും, 07.01.2021-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനവും (ഖണ്ഡിക 4.17)** (SRG **79/21**)

***പ്രോ.നം. 157/20*** ***അടങ്കൽ - 1,70,00,000/- രൂപ***

***(വികസനഫണ്ട് - ജനറൽ)***

***പേര്:- പീലിക്കോട് ഫാം പടന്ന റോഡ് മെക്കാഡം ടാറിംഗ്***

2019-20-ൽ തയ്യാറാക്കിയ ഈ പ്രോജക്ടിൽ ആദ്യ വർഷം 15.00 ലക്ഷം രൂപയും ശേഷിക്കുന്ന വിഹിതം ബഹു.വർഷവുമായാണ് വകയിരുത്തിയിരുന്നത്. ജില്ലാ

ആസൂത്രണസമിതി അംഗീകരിച്ച ഈ പ്രോജക്ടിന്റെ വെറ്റിംഗ് നടപടി പൂർത്തിയായില്ല എങ്കിലും സാങ്കേതികാനുമതി ലഭിച്ചിരുന്നു. പ്രവൃത്തി ടെണ്ടർ ചെയ്തു. എന്നാൽ കരാർ ഉടമ്പടി വച്ചിട്ടില്ല. ഈ വർഷം (2020-21) പ്രോജക്ട് ഉൾപ്പെടുത്താൻ വിട്ടുപോയി. സാങ്കേതികാനുമതിയോടെ ടെണ്ടർ ചെയ്തതിനാൽ പുതിയ പ്രോജക്ടായി ഉൾപ്പെടുത്തുന്നതിനു പകരം സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 07.01.2021-ലെ യോഗത്തിൽ പരിഗണിച്ചു. നാമമാത്രമായ തുക (15.00 ലക്ഷം രൂപ) 2019-20-ൽ വകയിരിത്തിയിട്ട് 1.55 കോടി രൂപ ബഹു വർഷമായി ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ ഇത് തുടരേണ്ടതുണ്ടോ എന്ന് പുതിയ ഭരണസമിതി പരിശോധിക്കാൻ യോഗം നിർദ്ദേശിച്ചു. ഈ പ്രോജക്ട് സ്പിൽ ഓവറായി ഉൾപ്പെടുത്താൻ 27.01.2021-ലെ ജില്ലാപഞ്ചായത്ത് ഭരണസമിതി യോഗം തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** അധികമായി വേണ്ട മുഴുവൻ തുകയും ഈ വർഷം തന്നെ വകയിരുത്തമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

### 4.39 അങ്കമാലി നഗരസഭ

**നഗരകാര്യ ഡയറക്ടറുടെ 22.10.2020-ലെ** DC3- 13042/20-**ാം നമ്പർ കത്തും അങ്കമാലി മുനിസിപ്പൽ സെക്രട്ടറിയുടെ 28.07.2020-ലെ** PW1-6267/16-**ാം നമ്പർ കത്തും** (SRG **18/21 -** LSGD - DC3/316/2020 - LSGD)

നഗരസഭയിലെ 20-ാം വാർഡിലെ വിൻസെന്റ് ഡി പോൾ നഗർ മെറ്റലിംഗ് ആന്റ് ടാറിംഗ് എന്ന പ്രവൃത്തി ചെയ്യാൻ കൗൺസിലിന്റെ 29.01.2018-ലെ യോഗം തീരുമാനിച്ചു. ഇതിന് എസ്റ്റിമേറ്റും സാങ്കേതികാനുമതിയും ലഭ്യമാക്കിയെങ്കിലും ജില്ലാ ആസൂത്രണസമിതിയുടെ അനുമതി വാങ്ങിയിരുന്നില്ല. ഇതിന്റെ നിർമ്മാണം 2018-19-ൽ പൂർത്തീകരിച്ചു. എസ്റ്റിമേറ്റ് തുക 4,40,000/-രൂപയാണ്. ബിൽ തുക 4,39,701/- രൂപ. ഇതിന്റെ ബിൽ പ്രകാരം തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** ജില്ലാ ആസൂത്രണസമിതി അനുമതി ലഭിക്കാതെ പ്രോജക്ട് നടപ്പാക്കിയത് ക്രമവരുദ്ധമാണ് എന്ന് യോഗം വിലയിരുത്തി. ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) ചീഫ് എഞ്ചിയീർ, തദ്ദേശസ്വയംഭരണ വകുപ്പ്**

### 4.40 താനൂർ ബ്ലോക്ക് പഞ്ചായത്ത്

**താനൂർ ബ്ലോക്ക് പഞ്ചായതത് പ്രസിഡന്റിന്റെ 13.10.2020-ലെ കത്തും താനൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 13.10.2020-ലെ 5(1)-ാം നമ്പർ തീരുമാനവും** (SRG **17/21 -** LSGD - FM2/240/2020 - LSGD)

ഐ.എ.വൈ പദ്ധതി പ്രകാരം ബ്ലോക്ക് പ്രദേശത്ത് വീട് നൽകിയിട്ടുണ്ട്. ഇവരിൽ 20 പേർ നിശ്ചിത സമയപരിധിക്കകം വീട് നിർമ്മിച്ചു. അനുവദനീയ വിസ്തീർണ്ണത്തിലാണ് വീട് ആദ്യം പൂർത്തിയാക്കിയത്. ഇവർക്ക് നൽകേണ്ട തുക ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ പിന്നീടുള്ള വർഷങ്ങളിലാണ് ഐ.എ.വൈ നിരക്കു പ്രകാരം വകയിരുത്തിയത്. ഇവർക്ക് അർഹതപ്പെട്ട ബാക്കി തുക നൽകാനുണ്ട്. ഈ വീടുകളിൽ അംഗസംഖ്യ കൂടിയതനുസരിച്ച് വീടിന്റെ വിസ്തീർണ്ണം കൂട്ടി. തുക നൽകേണ്ട സമയത്ത് അനുവദനീയമായതിനേക്കാൾ അധിക വിസ്തീർണ്ണം വീടിനുള്ളതിനാൽ തുക നൽകിയില്ല. ഈ ഗുണഭോക്താക്കൾക്ക് നൽകാനുള്ള തുക ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലുണ്ട്. ഇവർക്ക് കൂടി ബാക്കി തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**
**2) ഗ്രാമവികസന കമ്മീഷണർ**

### 4.41 കോട്ടയ്ക്കൽ നഗരസഭ

**ബഹു. കോട്ടയ്ക്കൽ എം.എൽ.എയുടെ 16.10.2020-ലെ കത്തും കോട്ടയ്ക്കൽ മുനിസിപ്പൽ ചെയർമാന്റെ 14.10.2020-ലെ കത്തും** (SRG **16/20** - LSGD - FM2/240/2020 - LSGD)

കോട്ടയ്ക്കൽ നഗരസഭാ പ്രദേശത്ത് കിഡ്നി മാറ്റിവയ്ക്കപ്പെടുന്ന രോഗികൾക്ക് 5.00 ലക്ഷം രൂപ വരെ നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

### 4.42 ദേലം പാടി ഗ്രാമപഞ്ചായത്ത്

**ദേലംപാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.01.20 ലെ** A2-345/17-ാം **നമ്പർ കത്ത് (**SRG 80/21) LSGD - DB1 - 17/2020/LSGD)

ലൈഫ് പദ്ധതി പ്രകാരം 6 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. അവർക്ക് ഗ്രാമപഞ്ചായത്ത് വിഹിതത്തിൽ നിന്ന് മുഴുവൻ തുകയും നൽകി. ഹഡ്കോ മുഖാന്തിരം വായ്പയില്ല. ജനറൽ വിഭാഗത്തിൽ ഫേസ് 1, ഫേസ് 2, ഫേസ് 3 യിൽ ഗുണഭോക്താക്കൾ ആരും ഇല്ല. SC, ST വിഭാഗത്തിലും ആവശ്യമായ ഗുണഭോക്താക്കൾ ഇല്ല. ഈ സാഹചര്യത്തിൽ ലൈഫ് പദ്ധതിയ്ക്ക് നിർബന്ധമായി വകയിരുത്തണമെന്ന നിബന്ധന (20% വികസനഫണ്ട്) ഒഴിവാക്കി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** ഇത് കഴിഞ്ഞ വർഷത്തെ (2019-20) ആവശ്യമായതിനാൽ പരിഗണിച്ചില്ല. ഇത്തരം പ്രശ്നം ഇനിയുണ്ടെങ്കിൽ ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്ററുടെ റിപ്പോർട്ട് സഹിതം നൽകണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.43. തൃശ്ശൂർ ജില്ലാ പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.02.2021 ലെ കത്തും അനുബന്ധരേഖകളും** (SRG 81/21 - CC/29/21)

***പ്രോജക്ട് നം. 549/21*** ***അടങ്കൽ 31,34,575/- രൂപ***

***(വികസന ഫണ്ട് – ജനറൽ)***

***പേര് – ഷീപാഡ് പദ്ധതി***

2016-17 മുതൽ ഷീപാഡ് എന്ന പേരിൽ 30 വനിതകൾക്ക് പരിശീലനം നൽകി സാനിറ്ററി നാപ്കിൻ നിർമ്മാണം നടത്തുന്നുണ്ട്. കൂടാതെ 441 സ്ഥാപനങ്ങളിൽ നാപ്കിൻ വെന്റിംഗ് മെഷീനും ഇൻസിനേറ്ററും സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഡോക്യുമെന്റേഷൻ നടത്തുന്നതിന് മുകളിൽ പറഞ്ഞ പ്രോജക്ടിൽ നിന്ന് 1.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.ഡോക്യുമെന്റേഷൻ Kerala State Industries Enterprises മുഖേനയാണ് നടത്തിയത്. എന്നാൽ **KSIE** ഡോക്യുമെന്റേഷൻ നടത്താനുള്ള അംഗീകൃത സ്ഥാപനമല്ലാത്തതിനാൽ ബിൽ നൽകാൻ കഴിയുന്നില്ല. ബിൽ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

.

**തീരുമാനം:-** അനുമതി നൽകുന്നു. എന്നാൽ ഡോക്യുമെന്റേഷന്റെ ഗുണനിലവാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഉറപ്പാക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**4.44. മലപ്പുറം നഗരസഭ**

**മലപ്പുറം ജില്ലാ ചെയർമാന്റെ 04.02.2021-ലെ** PW - **116067/17-ാം നമ്പർ കത്ത്** (SRG **82/**21)

***പ്രോ.നം. 753/21*** ***അടങ്കൽ - 66,40,000/-- രൂപ***

***(ശുചിത്വ മിഷൻ വിഹിതം 50,40,000/-***

***വികസനഫണ്ട് -** CFC Tied - 16,00,000/- **രൂപ)***

***പേര്:- പാമ്പാട് ഫ്ലാറ്റ് ദ്രവമാലിന്യ സംസ്കരണ പ്ലാന്റ്***

നഗരസഭാ പ്രദേശത്ത് പാമ്പാട് ഹൗസിംഗ് കോളനിയിൽ 185 കുടുംബങ്ങളാണ് താമസിക്കുന്നത്. ഫ്ലാറ്റ് സ്ഥിതി ചെയ്യുന്നത് ചരിഞ്ഞ പ്രദേശത്താണ്. കോളനിയിലെ കക്കൂസ് മാലിന്യം കോളനിയിലേയും പരിസര പ്രദേശത്തേയും കിണറുകളിലേക്കും ജലാശയത്തിലേയ്ക്കും ഒഴുകുന്നുണ്ട്. ഇതിനു പരിഹാരമായി ഒരു ദ്രവ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ 78.00 ലക്ഷം രൂപ അടങ്കലിൽ 2019-20-ൽ പദ്ധതി തയ്യാറാക്കി സാങ്കേതികാനുമതിക്കും മറ്റുമായി ശുചിത്വ മിഷനു നൽകി. കരാറുകാരൻ ടെണ്ടർ എടുത്തത് 66.00 ലക്ഷത്തിനായതിനാൽ ഈ വർഷം അടങ്കൽ കുറച്ചു. ശുചിത്വ മിഷന്റെ അനുമതി പ്രകാരം ടെണ്ടർ നടപടിയിലൂടെ കരാറുകാരനെ തെരഞ്ഞെടുത്തു നിർമ്മാണം ആരംഭിക്കുകയും ചെയ്തു. ഇതിന്റെ സിവിൽ പ്രവൃത്തികൾക്ക് 15.00 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. സിവിൽ പ്രവൃത്തികൾ പൂർത്തിയായി. എന്നാൽ ശുചിത്വ

മിഷനിൽ നിന്ന് സാങ്കേതികാനുമതി നൽകിയപ്പോൾ സിവിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നൽകിയിരുന്നില്ല എന്ന കാരണത്താൽ ഈ പ്രവർത്തിക്ക് മാത്രം സാങ്കേതികാനുമതി നൽകിയിരുന്നില്ല. എന്നാൽ വിശദമായ എസ്റ്റിമേറ്റ് നഗരസഭ തയ്യാറാക്കിയിരുന്നതാണെന്നറിയിച്ചിരിക്കുന്നു. നടപടിക്രമങ്ങളിൽ ബോധപൂർവ്വമല്ലാതെ വന്ന വീഴ്ചയാണ് നടന്നതെന്ന് അറിയിച്ചിട്ടുണ്ട്. സിവിൽ വർക്കിന്റെ സ്ട്രക്ച്ചറൽ സ്റ്റബിലിറ്റി ഉറപ്പാക്കി തുടർ പ്രവർത്തനം നടത്തി പ്ലാന്റ് നിർമ്മാണം പൂർത്തിയാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** സിവിൽ വർക്കിന്റെ വാല്യുവേഷൻ തദ്ദേശസ്വയംഭരണ എക്സിക്യൂട്ടീവ് എഞ്ചിനീയർ നടത്തി അതിന്റെ അടിസ്ഥാനത്തിൽ സിവിൽ പ്രവൃത്തിയുടെ തുക നൽകാനും പ്ലാന്റിന്റെ ബാക്കി നിർമ്മാണം തുടരാനും അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.45. കോളയാട് ഗ്രാമപഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.02.2021-ലെ കത്ത്** (SRG **85/**21 CC /959/20)

***പ്രോ.നം. 13/21*** ***അടങ്കൽ - 60,000/-- രൂപ***

***(മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)***

***പേര്:- സബ് സെന്ററിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ***

ഈ പ്രോജക്ട് പ്രകാരം കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും CPRCS പോർട്ടൽ മുഖേന വാങ്ങാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ CPRCS പോർട്ടലിൽ കമ്പ്യൂട്ടർ ലഭ്യമല്ല. ഈ സാഹചര്യത്തിൽ 'ജെം' പോർട്ടൽ വഴി വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** 'ജെം' പോർട്ടൽ അല്ലെങ്കിൽ ടെണ്ടർ മുഖേന വാങ്ങാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.46.ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.02.2021-ലെ കത്തും ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 24.06.2020-ലെ** B-1275/2019-ാം **നമ്പർ കത്തും** (SRG **92/**21 CC /**612**/20)

***പ്രോ.നം. 09/21*** ***അടങ്കൽ - 5,00,000/-രൂപ***

***(വികസനഫണ്ട് - ജനറൽ)***

***പേര്:- പുല്ലൂർ കശുവണ്ടി വികസന കോർപ്പറേഷൻ കമ്പനിയിൽ സ്ത്രീ തൊഴിലാളികൾക്ക് ടോയിലറ്റ് കോംപ്ലക്സ്***

കേരള സംസ്ഥാന കശുവണ്ടി കോർപ്പറേഷന്റെ പുല്ലൂർ ഫാക്ടറിയിൽ ഏകദേശം 300 സ്ത്രീ തൊഴിലാളികൾ ഉണ്ട്. ഇവർക്ക് ഒരു ടോയിലറ്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിനു വേണ്ടിയുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.47.പാനൂർ ബ്ലോക്ക് പഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ04.02.2021-ലെ കത്ത്** (SRG **84/**21 CC /**949**/20)

കൊവിഡ് 19 രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിനും രോഗം ഭേദമായവരെ തിരികെ വീട്ടിൽ എത്തിക്കുന്നതിനും ആംബുലൻസ് സൗകര്യം ഏർപ്പെടുത്തണമെന്ന് ബ്ലോക്ക് പ്രദേശത്തുള്ള പി.എച്ച്.സി.കളിലെ മെഡിക്കൽ ഓഫീസർമാർ ആവശ്യപ്പെട്ടിട്ടുണ്ട്. ബ്ലോക്കിൽ സി.എച്ച്.സി. ഇല്ല. ഈ സാഹചര്യത്തിൽ കൊവിഡിന്റെ തീവ്രത കുറയുംവരെയോ 6 മാസക്കാലത്തേക്കോ ആംബുലൻസ് വാടകക്കെടുക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം**:- സർക്കാർ നിബന്ധനയ്ക്ക് വിധേയമായി പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.48.പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.02.2021-ലെ കത്തും അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്ന കുറിപ്പും** (SRG **87/**21 CC /**931**/20)

***പ്രോ.നം. 151/21*** ***അടങ്കൽ - 64,32,720/-രൂപ***

*(CFC Tied Grant -* ***35,42,040/- രൂപ***

***ബ്ലോക്ക് പഞ്ചായത്ത് വിഹിതം 6,90,000/-***

***ജില്ലാ പഞ്ചായത്ത് വിഹിതം - 22,00,000/- രൂപ***

***തനത് ഫണ്ട് 680/- രൂപ)***

***പേര്:- ഗ്യാസ് ക്രിമിറ്റോറിയം***

ഗ്യാസ് ക്രിമിറ്റോറിയം നിർമ്മിക്കുന്നതിനുള്ള ഈ പ്രോജക്ട് ഈ വർഷം സ്പിൽ ഓവർ (ബഹുവർഷം)ആയി തുടരുന്നുണ്ട്. ഇതിന്റെ നിർമ്മാണം 'സിൽക്ക്'നെയാണ് ഏൽപ്പിച്ചത്. ഗ്യാസ് ക്രിമിറ്റോറിയം നിർമ്മിക്കുന്നതിന് ശുചിത്വ മിഷന്റെ അക്രഡിറ്റഡ് ഏജൻസിയല്ല 'സിൽക്ക്'. പ്രോജക്ടിന് ഈ വർഷവും വെറ്റിംഗ് ആവശ്യമായി വന്നിട്ടുണ്ട്. സിൽക്ക് മുഖേന ആയതിനാൽ തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇത് വെറ്റിംഗ് നടത്തുന്നില്ല. സിൽക്ക്-നെ ഏൽപ്പിച്ച നടപടിക്ക് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

. **തീരുമാനം**:- ഇത് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2)എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ**

**4.49.പെരിന്തൽണ്ണ മുനിസിപ്പാലിറ്റി**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.02.2021-ലെ കത്തും പെരിന്തൽമണ്ണ മുനിസിപ്പൽ ചെയർമാന്റെ കത്തും** (SRG **93/**21 CC /**27**/21)

***പ്രോ.നം. 64/21*** ***അടങ്കൽ - 18,00,000/-രൂപ***

*(SCP)*

***പേര്:- ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൻ*** *SC*

PMAY - ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 9 ഗുണഭോക്താക്കൾ ഉണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഇവർക്ക് സ്ഥലം വാങ്ങാനാണ് പ്രോജക്റ്റ്. എന്നാൽ ഷൊർണ്ണൂർ - നിലമ്പൂർ റെയിൽ പാതയുടെ ഓരത്ത് ഇവർക്ക് 3 സെന്റ് വീതം സ്ഥലം ഉണ്ട്. ഇവിടെ വീട് വയ്ക്കാൻ റെയിൽവേ NOC നൽകില്ല. റെയിൽവേ ലൈനിനു 35 മീറ്റർ പരിധി കഴിഞ്ഞുള്ള ഭൂമിയിലെ വീട്ടു വയ്ക്കാൻ റെയിൽവേ NOC നൽകുകയുള്ളൂ. ഈ സാഹചര്യത്തിൽ ഈ സ്ഥലം നഗരസഭ വാങ്ങി കളി സ്ഥലം പോലുള്ള പൊതു ആവശ്യത്തിനുപയോഗിക്കാനും പകരം വീട്ടു വയ്ക്കാൻ അനുയോജ്യമായ സ്ഥലം ഗുണഭോക്താക്കൾക്ക് വാങ്ങി നൽകാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** 1) വീട് വയ്ക്കാൻ സ്ഥലം വാങ്ങുന്നതിനുള്ള അനുമതി നൽകുന്നു.
2) എന്നാൽ റെയിൽവേ ലൈനിനു സമീപമുള്ള സ്ഥലം നഗരസഭയ്ക്ക് വിട്ടു നൽകുന്നത് സംബന്ധിച്ച നിബന്ധനയും ധാരണയും എന്താണെന്നറിയില്ല. അതിനാൽ ഇതിന്മേലുള്ള നടപടി മാനദണ്ഡ പ്രകാരം നഗരസഭാതലത്തിൽ തന്നെ സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.50.നെടുമ്പന ഗ്രാമപഞ്ചായത്ത്**

**നെടുമ്പന ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.01.2021-ലെ** A4-1/2020-**ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2020-ലെ തീരുമാനവും** (SRG **97/**21 )

***പ്രോ.നം. 235/21***

***അടങ്കൽ - 1,97,75,705/--രൂപ***
***(ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 15,86,026/- രൂപ***
***ജില്ലാ പഞ്ചായത്ത് വിഹിതം - 20,00,000/- രൂപ***
***കൊല്ലം കോർപ്പറേഷൻ CFC വിഹിതം - 75,00,000/- രൂപ***
***ഗ്രാമപഞ്ചായത്ത് വിഹിതം CFC Tied Grant - 86,89,679/- രൂപ)***

***പേര്:- ആധുനിക അറവുശാലയ്ക്ക് ഭൂമി വാങ്ങി അറവുശാലയും ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കൽ***

അറവുശാലയ്ക്ക് ഭൂമി വാങ്ങുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied Fund) വിഹിതം കൂടി വകയിരുത്തി പ്രോജക്റ്റ് തയ്യാറാക്കിയിരുന്നു. സ്ഥലം വാങ്ങുന്നതിന് മാത്രമായി CFC Tied Fund ഉപയോഗിക്കാവുന്നതല്ല എന്ന കാരണത്താൽ 21.10.2020-ലെ യോഗം അനുമതി നിരസിച്ചു. എന്നാൽ സ്ഥലം വാങ്ങി അവിടെ അറവുശാലയും മാലിന്യ സംസ്കരണ പ്ലാന്റും സ്ഥാപിക്കാനാണ് പ്രോജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്. സ്ഥലം വാങ്ങുന്നത് മാലിന്യ സംസ്കരണ പ്ലാന്റിന് വേണ്ടിയാണെന്നതിനാൽ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം:-** അനുമതി നൽകുന്നു. എന്നാൽ സ്ഥലം മാലിന്യ സംസ്കരണ പ്ലാന്റിനു ഉപയോഗിക്കുന്നുവെന്ന് ഉറപ്പ് വരുത്തണം. പ്ലാന്റ് സ്ഥാപിക്കുന്നതിന് മതിയായ ബാക്കി തുക 2021-22 വർഷം ഉൾപ്പെടുത്തേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

(യോഗം വൈകിട്ട് 6.30-ന് അവസാനിച്ചു)

**അനുബന്ധം**

1 ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി
2 അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3 പ്രിൻസിപ്പൽ സെക്രട്ടറി(അർബൻ) തദ്ദേശസ്വയംഭരണ വകുപ്പ്
4 ഡോ.കെ.എൻ. ഹരിലാൽ, മെമ്പർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
5 എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ (പ്രതിനിധി)
6 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ് (പ്രതിനിധി)
7 ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
8 ഡയറക്ടർ, നഗരകാര്യ വകുപ്പ്
9 ഗ്രാമവികസന കമ്മീഷണർ
10 പ്രിൻസിപ്പൽ സെക്രട്ടറി, ഫിനാൻസ് വകുപ്പ് (പ്രതിനിധി)
11 അഡീഷണൽ ചീഫ് സെക്രട്ടറി, പ്ലാനിംഗ് ആന്റ് ഇക്കണോമിക്സ് അഫയേഴ്സ് (പ്രതിനിധി)
12 ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്
13 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
14 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
15 മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ് (പ്രതിനിധി)
16 ഡയറക്ടർ ജനറൽ, കില
17 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (പ്രതിനിധി)
18 ഡയറക്ടർ, പട്ടികജാതി വികസനം (പ്രതിനിധി)
19 ഡയറക്ടർ, പട്ടികവർഗ്ഗ വികസനം (പ്രതിനിധി)
20 ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ (പ്രതിനിധി)
21 ഡയറക്ടർ, വനിതാ ശിശുവികസന വകുപ്പ് (പ്രതിനിധി)
22 മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിട്ടി